ദി ഡിഫൻഡർ

Vol. No. 9 Issue No. 3 RNI Reg. No. 68089 / 97 Published From Perumbavoor 2006 FEBRUARY 1

# കുട്ടിപ്പത്രങ്ങൾക്കെതിരേ ടി.എസ്.ഏബ്രഹാം രംഗത്ത്

കുട്ടിപ്പത്രങ്ങൾക്കെതിരെ ടി.എസ്.ഏബ്രഹാം ആഞ്ഞടിച്ചു. കുമ്പനാട് കൺവെൻഷനിലാണ് ടി.എസ്.ഏബ്രഹാമിന്റെ രോഷം അണപൊട്ടിയത്. ഹാലേലൂയ്യാ ദ്വൈവാരിക പ്രസിദ്ധീകരിച്ച സപ്ലിമെന്റിലുള്ള എന്തൊക്കെയോ കാര്യങ്ങളാണ് ടി.എസ്സിനെ ചൊടിപ്പിച്ചത്.

ഹാലേലൂയ്യായോട് ടി.എസ്.ഏബ്രഹാമിന് മുൻവൈരാഗ്യമുണ്ട്. ഐ.പി.സിക്ക് സംഭാവനയായി ലഭിച്ച ഒരുലക്ഷം ഡോളർ ടി.എസ്.ഏ ബ്രഹാം തട്ടിയെടുത്ത സംഭവം പുറത്താക്കിയത് ഹാലേലൂയ്യായാണ്. ഐ.പി.സിയിൽ ഇപ്പോൾ നടക്കുന്ന രാഷ്ട്രീയ ഉപജാപകങ്ങൾ സപ്ലിമെന്റിൽ വിശദീകരിക്കയും ചെയ്തിരുന്നു. ടി.എസ്. ഏബ്രഹാം ചൂടാകാൻ ഇത്രയുമൊക്കെ മതിയല്ലോ.

എൺപതു വയസ്സ് കഴിഞ്ഞതുകൊണ്ട് ടി.എസ്.ഏബ്രഹാമിന് ഇനി തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പറ്റില്ല. അതുകൊണ്ട് ഐ.പി.സിയുടെ ഔദ്യോഗിക ഭാരവാഹി ആകാനും സാധിക്കയില്ല. അതിന്റെ നിരാശയാണ് രോഷമായി പുറത്തേക്കു വമിക്കുന്നത്. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നു പറഞ്ഞതുപോലെ രോഷം പത്രങ്ങൾക്കെതിരെ തിരിച്ചു എന്നേയുള്ളൂ.

ഐ.പി.സിയുടെ പ്രസിഡന്റ് എന്ന നിലയിൽ ടി.എസ്.ഏബ്രഹാം പങ്കെടുക്കുന്ന അവസാനത്തെ കൺവെൻഷനാണ് ഈ കഴിഞ്ഞത്. നല്ലവാക്കു പറഞ്ഞ് വിടവാങ്ങാനുള്ള അവസരം. അതാണ് ഭള്ളുപറഞ്ഞ് നാറ്റിച്ചത്. ടി.എസ്.ഏബ്രഹാം വെറും തറയാണെന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുന്നു.

ഹാലേലൂയ്യാ കുട്ടിപ്പത്രമാണെങ്കിൽ ഏതാണാവോ വല്ല്യ പത്രം? ഗുഡ്ന്യൂസ് ഉൾപ്പെടെ എല്ലാ പെന്തക്കോസ്ത് പത്രങ്ങളും ടാബ്ലോയിഡുകളാണ്. ടി.എസ്.ഏബ്രഹാമിന്റെ പത്രമായ കാഹളത്തിന് ഹാലേലൂയ്യായുടെ പകുതി വലിപ്പമേയുള്ളൂ.

ടി.എസ്.ഏബ്രഹാമിന്റെ അപ്പൻ സ്ഥാപിച്ചതാണ് ഐ.പി.സി. എന്നൊരു ഭോഷ്ക്ക് പ്രചാരത്തിലുണ്ട്. അതിന്റെ ബലത്തിലാണ് ഐ.പി.സിയുടെ കൺവെൻഷനിൽ ടി.എസ്. ഈ കസർത്തു നടത്തുന്നത്. എങ്കിലും പറയട്ടെ, ഐ.പി.സിയുടെ പ്രസിഡന്റ് ഇത്ര തരംതാഴരുതായിരുന്നു.

# മത്തായി പുറത്ത് പോയേ മതിയാകൂ

ഓവർസിയർ മത്തായി രാജിവെച്ച് പുറത്തുപോയേ മതിയാകൂ. എങ്ങനെയെങ്കിലും കുറച്ചു കാലം പിടിച്ചു നിന്നാൽ ബാലൻ എല്ലാം മറക്കുമെന്നും അങ്ങനെ രക്ഷപ്പെടാമെന്നുമുള്ള മോഹം നടക്കില്ല.

ഗുണ്ടകളേക്കൊണ്ട് ഭീഷണിപ്പെടുത്തിയാൽ ബാലൻ ഒതുങ്ങും എന്ന ധാരണ മത്തായി ഉപേക്ഷിക്കണം. ജനുവരി 25, 26 തീയതികളിൽ മത്തായിയുടെ ഗുണ്ടകൾ ബോംബെയിൽ നിന്ന് പലവട്ടം ഡിഫെൻഡർ ഓഫീസിലേക്ക് ഫോൺ വിളിക്കയും ഭീഷണി മുഴക്കുകയും ചെയ്തിരുന്നു. പക്ഷേ, ഇത്തരം ഭീഷണികൊണ്ട് ബാലന്റെ വായ് അടയ്ക്കാമെന്ന മോഹം വെറും വ്യാമോഹമായി അവശേഷിക്കും.

ദുർന്നടപ്പുകാരിയായ ഭാര്യ, ദുർന്നടപ്പിലൂടെ ഭാര്യ സമ്പാദിച്ച മകൻ, ദുർന്നടപ്പ് തൊഴിലാക്കിയ മക്കൾ തുടങ്ങിയതൊക്കെയാണ് മത്തായിയുടെ കൈമുതൽ. ഓവർസിയറെന്നല്ല, ഒരു സാധാരണ പാസ്റ്റർ പോലും ആയിരിക്കാനുള്ള യോഗ്യത മത്തായിക്കില്ല. ഇത്തരത്തിലുള്ള ഒരാൾ ഓവർസിയറായിരുന്നാൽ അത് മറ്റ് പാസ്റ്റർമാർക്കും സാധാരണക്കാരായ വിശ്വാസികൾക്കും പാപം ചെയ്യാനുള്ള ലൈസൻസ് കൊടുക്കുന്നതിനു തുല്യമാകും. അതുകൊണ്ട് മത്തായി ഉടൻ രാജിവെച്ച് പുറത്തുപോകണം.

# ബാലന്റെ കഥ കഴിക്കും: ആർ.റ്റി.ഒ. റോസമ്മ

ബാലന്റെ കഥ കഴിക്കും. പറയുന്നത് സർവ്വശക്തയായ റോസമ്മയാണ്. അതുകൊണ്ട് ബാലന്റെ കാര്യം ഇനി കട്ടപ്പൊഹ.

റോസമ്മ എപ്പോളാണ് ഇങ്ങനെ പറഞ്ഞത്? കഴിഞ്ഞ ജനുവരി 19ന് രാത്രി 11.20ന്. ടി.എസ്. ബാലനെ ഫോണിൽ വിളിച്ചാണ് റോസമ്മ ഈ സന്തോഷവാർത്ത അറിയിച്ചത്. 9895713921എന്ന നമ്പറുള്ള മൊബൈലിൽ നിന്നാണ് റോസമ്മ ടി.എസ്. ബാലനെ വിളിച്ചത്.

റോസമ്മ എന്താണ് പറഞ്ഞത്? അത് ഈ പത്രത്തിൽ എഴുതാൻ പറ്റില്ല. ഇത്തരം ഒരു ഭാഷ പൂരപ്പറമ്പിൽ പോലും കേൾക്കില്ല എന്നു പറഞ്ഞാൽ കാര്യം പിടികിട്ടുമല്ലോ.

ആർ.റ്റി.ഒ. എന്ന നിലക്ക് റോസമ്മയുടെ വരുമാനം ഇമ്മിണി വലുതാണ്. ആവശ്യത്തിലധികം പണം കൈയ്യിൽ വന്നപ്പോൾ ഭക്ഷണവും അതിനനുസരിച്ചുള്ളതായി. ഏറെ താമസിയാതെ റോസമ്മ ഇസബേലിന്റെ പുതിയ പതിപ്പായി. അതോടെ പാവം ഭർത്താവ് - ബഞ്ചമിൻ - കുഴഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ. എന്നിട്ടും റോസമ്മ വിട്ടുകൊടുത്തില്ല. കഴിവുകെട്ട ഭർത്താവിനോടുള്ള അരിശം സകല പാസ്റ്റർമാരോടും തീർക്കാൻ തുടങ്ങി. ബഞ്ചമിന്റെ സെന്ററിലുള്ള സകല പാസ്റ്റർമാരോടും റോസമ്മ ഇപ്പോൾ പക തീർക്കുകയാണ്.

ടി.എസ്.ബാലനെ റോസമ്മ ഫോണിൽ വിളിച്ച സമയം പരിശോധിച്ചാലും റോസമ്മയുടെ കോപത്തിന്റെ കാരണം മനസ്സിലാകും. ബഞ്ചമിനേപ്പൊലൊരാളുടെ ഭാര്യയായി കഴിയുന്ന റോസമ്മക്ക് രോഷമുണ്ടാകുന്ന സമയമാണത്. അങ്ങനെ കോപിച്ചിരിക്കുന്നതിനിടയിൽ ഡിഫെൻഡർ കണ്ണിൽ പെട്ടിരിക്കാം. കോപം ബാലനുനേരെ തിരിഞ്ഞത് ആ വിധത്തിലാണെന്ന് ഊഹിക്കാം. ചില ബുദ്ധിമുട്ടുകൾ ചില മൃഗങ്ങൾ കരഞ്ഞു തീർക്കാറുണ്ടല്ലോ. റോസമ്മയിലെ മൃഗവും അതുതന്നെ ചെയ്തു. ആർ.റ്റി.ഒ. ആകുന്നതിനുമുൻപ് റോസമ്മ വെറും തറയായി നടന്ന കാലത്തു പഠിച്ച ഭാഷ പുറത്തെടുത്തു. ബുദ്ധിമുട്ടനുഭവിക്കുന്ന ശരീര ഭാഗങ്ങൾക്ക് പച്ച മലയാളത്തിലുള്ള പേരുകൾ വിളിച്ചു പറഞ്ഞു. മേല്പടി ശരീര ഭാഗങ്ങൾ റോസമ്മ ഏതൊക്കെ വിധത്തിലാണ് ഉപയോഗിക്കുന്നതെന്നും പറഞ്ഞു. ഇതിന് റോസമ്മയെ കുറ്റം പറയാൻ പറ്റുമോ? ഇല്ലേ ഇല്ല.

ഗുണ്ടകളെ വിട്ട് ബാലന്റെ കഥ കഴിക്കും എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് റോസമ്മ പൂരപ്പാട്ട് നിർത്തിയത്. ഭർത്താവിന് കഴിവില്ലെങ്കിൽ ഗുണ്ടകളുടെ സഹായം തേടാതെ പറ്റില്ലല്ലോ. ഗുണ്ടകളുടെ വരവും കാത്തിരിക്കയാണിപ്പോൾ ബാലൻ.



# സി.ഡി. വിദേശത്തേക്കും അയയ്ക്കും

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ആറാമത്തേത് തയ്യാറായിവരുന്നു. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്.

അഞ്ചാമത്തെ സി.ഡി. തയ്യാറായി. പ്രധാന ലോക മതങ്ങളേക്കുറിച്ചുള്ള പഠനങ്ങളാണ് ഈ സി.ഡിയിൽ ഉള്ളത്. ഇന്ത്യയിലുള്ളവർക്ക് ആറാമത്തെ സി.ഡിയോടൊപ്പം ഈ സി.ഡി. അയയ്ക്കും.

നാലാമത്തെ സി.ഡി. പുറത്തിറങ്ങി. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്. അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ആറു സി.ഡികൾക്ക് 600 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

## വിദേശത്തുള്ളവരുടെ ശ്രദ്ധയ്ക്ക്

സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നത് വലിയ ചെലവുള്ള കാര്യമായതുകൊണ്ട് ഇതുവരെ ഈ സി.ഡികൾ വിദേശത്തേക്ക് അയച്ചിരുന്നില്ല. എന്നാൽ വിദേശത്തുള്ള സഹോദരങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സി.ഡികൾ ഇനി സൗദി ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്.

വില: (പോസ്റ്റേജ് അടക്കം)

ആദ്യത്തെ 5 സി.ഡി. (50 ക്ലാസ്സ്, 60 മണിക്കൂർ)-ഗൾഫ്: Rs.1500
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 50 (30 പൗണ്ട്)

10 സി.ഡിയുടെ ഒരു സെറ്റ് (100 ക്ലാസ്സ്, 120 മണിക്കൂർ)
- ഗൾഫ്: 3000 രൂപ.
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 100 (60 പൗണ്ട്)
(10 സി.ഡി. വാങ്ങുന്നവർക്ക് അഞ്ച് സി.ഡികൾ ഉടൻ അയയ്ക്കും. ബാക്കിയുള്ള അഞ്ചെണ്ണം രണ്ടു മാസം കഴിഞ്ഞ് അയയ്ക്കും)

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ

Vol. No.9 Issue No. 3 2006 February 1

# ഇനി സമരങ്ങളുടെ കാലം

ഇനിയുള്ള നാലുമാസം കേരളത്തിൽ സമരങ്ങളുടെ കാലമാണ്. സകല ഞാഞ്ഞൂലുകളും ഫണീന്ദ്രൻമാരായി വിലസുന്ന കാലം. കേരളം സ്തംഭിക്കും. എല്ലാ സമരവും വിജയിക്കും. തൊഴിലാളി ഐക്യം സിന്ദാബാദ്.

ഈ സമയത്ത് ഇത്രത്തോളം സമരങ്ങൾ ഉണ്ടാകാൻ കാരണമെന്ത്? ഉമ്മൻ ചാണ്ടിയുടെ ഭരണം പെട്ടെന്ന് മഹാമോശമായോ? ആന്റണിയുടെ ഭരണത്തേക്കാൾ എന്തുകൊണ്ടും നല്ലതാണ് ഉമ്മൻ ചാണ്ടിയുടെ ഭരണം എന്ന് നിഷ്പക്ഷമതികൾ സമ്മതിക്കും. ബാലകൃഷ്ണപിള്ളയേയും ടി.എം.ജേക്കബ്ബിനേയും ഒഴിവാക്കാനുള്ള ധൈര്യം ഉമ്മൻ ചാണ്ടി തുടക്കത്തിൽതന്നെ കാണിച്ചു. ലീഡറേയും കൂട്ടരേയും അവഗണിക്കാനും കഴിഞ്ഞു. ആർക്കും എന്തും ആകാം എന്ന സ്ഥിതി ഇനി പറ്റില്ല എന്ന് ഉമ്മൻ ചാണ്ടി വ്യക്തമാക്കി.

എല്ലാം തികഞ്ഞ ഭരണമാണ് ഉമ്മൻ ചാണ്ടിയുടേത് എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ഒട്ടേറെ പോരായ്മകളുള്ളതാണ് ഈ സർക്കാർ എന്നതിന് സംശയമില്ല. അഴിമതിക്കാരായ മന്ത്രിമാർ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. കാലിയായ ഖജനാവ് വികസനത്തിന് തടസ്സമാകുന്നു. എന്തുചെയ്താലും കുറ്റം കണ്ടുപിടിക്കുന്നവരുടെ ശല്യം പറയേണ്ടതുമില്ല. ഈ വിധത്തിലുള്ള പ്രതിബന്ധങ്ങൾക്കിടയിലും ഇത്രയുമൊക്കെ ചെയ്യാൻ കഴിയുന്നത് ചെറിയ കാര്യമല്ല.

എത്ര നല്ല ഭരണം കാഴ്ചവെച്ചാലും കേരളത്തിലെ ജനത്തിന്റെ കൂറ് പ്രതിപക്ഷത്തോടായിരിക്കും. ഇടതുപക്ഷം ഭരിക്കുമ്പോൾ ജനം യു.ഡി.എഫിനോടൊപ്പമായിരിക്കും. യു.ഡി.എഫ്. ഭരണം കഴിഞ്ഞാലുടൻ എൽ.ഡി.എഫിനെ ജനം അധികാരത്തിൽ ഏറ്റുകയും ചെയ്യും. ഈ കോലാഹലം ഒന്നും ഉണ്ടാക്കിയില്ലെങ്കിലും എൽ.ഡി.എഫിന് ഇത്തവണ അധികാരത്തിലെത്താൻ കഴിയും എന്നു ചുരുക്കം.

എങ്കിലും യു.ഡി.എഫിന് പരമാവധി ക്ഷീണം ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രതിപക്ഷം ഇപ്പോൾ കരുക്കൾ നീക്കുന്നത്. സമരങ്ങളുടെ വേലിയേറ്റം ഉണ്ടാകുന്നതും ഈ കാരണത്താലത്രേ. ഈ സമരങ്ങൾക്കെല്ലാം ജനപിൻതുണയുണ്ടെന്നാണ് സമരക്കാർ പറയുന്നത്. വാർഷിക പരീക്ഷ അടുത്ത സമയത്ത് സമരവുമായി ഇറങ്ങുന്ന അദ്ധ്യാപകർക്കും സർക്കാർ ഓഫീസുകൾ സ്തംഭിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കും പിൻതുണ കൊടുക്കാൻ തക്ക വിഡ്ഢികളാണ് കേരളത്തിലെ ജനങ്ങൾ എന്നു തോന്നുന്നില്ല. സമരക്കാർക്കെതിരെ പ്രതികരിക്കാൻ മാർഗ്ഗമൊന്നും ഇല്ലാത്തതുകൊണ്ട് ജനം എല്ലാം സഹിക്കുന്നു എന്നു മാത്രം. പക്ഷേ ജനത്തിന്റെ ക്ഷമയ്ക്കും ഒരു അതിരൊക്കെയുണ്ട്. ആ അതിരുവിട്ടാൽ ജനം സർക്കാരിന് അനുകൂലമാകും. വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറഞ്ഞതുപോലെയുള്ള അനുഭവമായിരിക്കും ഇതുമൂലം പ്രതിപക്ഷത്തിന് ഉണ്ടാകുക.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

എങ്ങനെയെങ്കിലും മുഖ്യമന്ത്രി ആകുക എന്നുള്ളത് ശ്രീമാൻ വക്കംജിയുടെ ജീവിതാഭിലാഷവും അന്ത്യാഭിലാഷവുമാണ്. ആന്റണി രാജി വെച്ചപ്പോൾ ആ മോഹം പൂവണിഞ്ഞു എന്ന തോന്നൽ ഉണ്ടാകുകയും ചെയ്തിരുന്നു. പക്ഷേ, ഉമ്മൻ ചാണ്ടിയുടെ രംഗപ്രവേശത്തോടെ വക്കത്തിന്റെ മോഹം വാടിക്കരിഞ്ഞു. ധനമന്ത്രിസ്ഥാനം കൊണ്ട് വക്കത്തിന് തൃപ്തിപ്പെടേണ്ടതായി വന്നു. അവിടെയിരുന്നുകൊണ്ട് മറ്റു മന്ത്രിമാരുടെയെല്ലാം മുകളിൽ കുതിരകയറി സൂപ്പർ മുഖ്യമന്ത്രിയായി വിലസിസായൂജ്യമടയുകയാണ് ഈ ചങ്ങാതിയിപ്പോൾ.

ഇന്ദുലേഖയോടൊത്തുള്ള വാസം സ്വപ്നം കണ്ടി എത്തിഒടുവിൽ കല്യാണിക്കുട്ടിയിൽ ആശ്വാസം കണ്ടെത്തിയ സൂരിനമ്പൂരിയുടെ പുതിയ പതിപ്പായി കഴിയുന്നതിനിടയിലാണ് വക്കംജിയെ ഭാഗ്യം ഐസിന്റെ രൂപത്തിൽ എത്തി തുണച്ചിരിക്കുന്നത്. ഉമ്മൻ ചാണ്ടി ഐസിൽ ചവിട്ടി തെന്നി വീണു എന്നറിഞ്ഞ ഉടൻ വക്കം ഭരണം പിടിച്ചടക്കി. സ്വയം മുഖ്യമന്ത്രിയായി പ്രഖ്യാപിച്ചു. ഓടിച്ചാടി ഇങ്ങോട്ടു വരേണ്ട എന്ന് മുഖ്യമന്ത്രിയോട് പറയാൻ ആളെ ശട്ടം കെട്ടുകയും ചെയ്തു. ഭാഗ്യം ഏതു രൂപത്തിലും വരാം എന്നതിന് ഇനി വേറെ തെളിവന്വേഷിക്കുന്നതെന്തിന്?

അതിവേഗം ബഹുദൂരം എന്നൊക്കെ പറഞ്ഞ് ഓടി നടന്നിട്ടും നടക്കാത്ത കാര്യങ്ങൾ വടിയുംകുത്തി നടന്ന് സാധിക്കുന്നതെങ്ങനെ? തെരഞ്ഞെടുപ്പ് അടുത്തു വരുന്നു. ഇത്തവണ രക്ഷപ്പെടുകയില്ല എന്നതിന് സംശയമില്ല. തോൽക്കുമെങ്കിലും തോറ്റ് തൊപ്പിയിടുന്നതെങ്കിലും ഒഴിവാക്കണമെന്ന് മോഹിക്കുന്നത് തെറ്റാണോ? പക്ഷേ ആ മോഹം ഐസ് പോലെ അലിഞ്ഞ് ഇല്ലാതെയായിരിക്കയാണ്.

ഐസിന്റെ കാര്യം പറഞ്ഞപ്പോഴാണ് ഐസ് ക്രീമിന്റെ കാര്യം ഓർത്തത്. കേരളത്തിലെ ഐസ്ക്രീമും സ്വിറ്റ്സർലന്റിലെ ഐസും തമ്മിൽ നടത്തിയ ഗൂഢാലോചനയുടെ ഫലമാണോ സ്വിറ്റ്സർലന്റിൽ കണ്ടത്? ഐസിന്റെ പ്രതികാരമായിരുന്നോ അത്? അല്പം ഗവേഷണം നടത്തുന്നത് എന്തുകൊണ്ടും നല്ലതാണ്.

ഡി.ഐ.സിക്കാർക്ക് എന്തുപറ്റി? കഴിഞ്ഞ ചില ദിവസങ്ങളായി അവരുടെ വക പ്രസ്താവനകളൊന്നും കേൾക്കുന്നതേയില്ലല്ലോ. വായിൽ തോന്നിയതെല്ലാം വിളിച്ചു പറഞ്ഞ് ഉള്ള കഞ്ഞിയിൽക്കൂടി പാറ്റ ഇടേണ്ട എന്നു തീരുമാനിച്ചതാകാം.

സെക്യൂലർ എന്ന പേരിന് എന്തോ കുഴപ്പമുണ്ടെന്നു തോന്നുന്നു. ജനതാ ദൾ സെക്യുലർ കുഴപ്പത്തിലായി. കേരള കോൺഗ്രസ്സ് സെക്യൂലറിന്റെ കാര്യം പറയുകയും വേണ്ട. കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചില്ലാതായി എന്നു പറഞ്ഞതുപോലെ പിളർന്നു പിളർന്ന് ഇപ്പോൾ പാർട്ടി തന്നെ ഇല്ലാതായിരിക്കുന്നു.

തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ എൽ.ഡി.എഫിൽ ഏതൊക്കെ പാർട്ടികൾ ഉണ്ടാകും? സി.പി.ഐ. (എം.) തീർച്ചയായും ഉണ്ടാകും. മറ്റാരുടേയും കാര്യം തീർത്തു പറയാൻ പറ്റില്ല. സി.പി.ഐ.ക്ക് പോകാൻ മറ്റൊരു സ്ഥലം ഇല്ലാത്തതുകൊണ്ട് എൽ.ഡി.എഫിൽ ഉണ്ടാകും എന്നു കരുതാം. ജോസഫ് ഗ്രൂപ്പിന്റെ കാര്യവും മേല്പടി തന്നെ. യു.ഡി.എഫിൽ ചേക്കേറാൻ പറ്റാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. കോൺഗ്രസ്സ് (എസ്സ്.) എന്നത് പാർട്ടിയാണോ എന്ന കാര്യത്തിൽ പോലും തർക്കം നിലനിൽക്കുന്നു. ജനതാ ദൾ സെക്യൂലറിന്റെ ഗതിയെന്തെന്ന് പറയാറായിട്ടില്ല. കേ.കോ. സെക്യുലർ ഇപ്പോൾത്തന്നെ ഔട്ടായിക്കഴിഞ്ഞു. അകത്തോ പുറത്തോ നിൽക്കാൻ തയ്യാറായി എത്തിയിരിക്കുന്ന ലീഡറും കൂട്ടരും പുറത്തുതന്നെ നിൽക്കാനാണ് സാദ്ധ്യത. താമരാക്ഷന്റെ ആർ.എസ്.പിയും പുറത്തുതന്നെ നിൽക്കും. ഐ.എൻ.എൽ. എന്നും പുറത്താണല്ലോ. ആരൊക്കെ എവിടെയൊക്കെ നിന്നാലും വല്ല്യേട്ടൻ 90 സീറ്റെങ്കിലും എടുക്കും.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമവായത്തിലൂടെ നടപ്പിലാക്കും എന്ന് കേൾക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. ഇപ്പോഴിതാ എന്തൊക്കെയോ നടപ്പിലാക്കാൻ തീരുമാനിച്ചു എന്നും കേൾക്കുന്നു. പക്ഷേ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ കഴിഞ്ഞാൽ അത് ഒരു ചരിത്രസംഭവം ആയിരിക്കും എന്നതിന് സംശയമില്ല. കാരണം, ഇത് ഒരു റിപ്പോർട്ട് മാത്രമാണ്, ശുപാർശയല്ല. റിപ്പോർട്ട് നടപ്പിലാക്കാനുള്ള വിദ്യ കണ്ടുപിടിച്ചാൽ അത് മഹത്തായ ഒരു നേട്ടമായിരിക്കും. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ലോകമെമ്പാടുമുള്ള സർക്കാരുകൾക്ക് വിവിധ റിപ്പോർട്ടുകൾ നടപ്പിലാക്കാം. നൊബേൽ സമ്മാനം വരെ ലഭിക്കാൻ സാദ്ധ്യതയുള്ള കണ്ടുപിടുത്തമാണിത്.

കളി കാര്യമായാൽ പല വിധത്തിലുള്ള കുഴപ്പങ്ങളുണ്ടാകും. വിദ്യാർത്ഥികളുടെ കലാകായിക മേളകൾ ജീവൻമരണ പ്രശ്നങ്ങളായാണ് ഇപ്പോൾ മിക്കവരും കണക്കാക്കുന്നത്. അതിന്റെ പേരിലുള്ള ഏറ്റുമുട്ടലുകളും അനുബന്ധ കോലാഹലങ്ങളും യുദ്ധത്തിന്റെ പ്രതീതിയാണ് ഉളവാക്കുന്നത്. ഈ പോക്ക് അപകടത്തിലേക്കാണ്.

കിടക്കട്ടെ ലിസ്സിലും ഒരു തുക എന്നു പറഞ്ഞതുപോലെ ഇരിക്കട്ടെ കേരളത്തിനും ഒരു മന്ത്രി എന്ന് മൻമോഹൻസിംഗ് തീരുമാനിച്ചു. അങ്ങനെ വയലാർ രവി കേന്ദ്രമന്ത്രിയായി. കേരളീയർക്ക് വളരെ പ്രയോജനം ചെയ്യാൻ കഴിയുന്ന വകുപ്പാണിത്. എങ്കിലും രവി എന്തൊക്കെ ചെയ്യുമെന്ന് കണ്ടുതന്നെ അറിയണം. ഇലക്ഷൻ നടക്കാൻ പോകുന്ന എല്ലാ സംസ്ഥാനങ്ങൾക്കും പരിഗണന കിട്ടിയിട്ടുണ്ട്. അതുകൊണ്ട് നോട്ടം ഇലക്ഷനിൽ ആണെന്നു വ്യക്തം.

മുൻ കാതോലിക്കായുടെ ശവം സംസ്ക്കരിച്ചത് 1500 കിലോ കുന്തിരിക്കം ഇട്ടാണ്. പെന്തക്കോസ്തിലെ തിരുമേനിമാരും ഭാവിയിൽ ഈ പരിപാടി അനുകരിക്കാൻ ഇടയുണ്ട്. പണ്ട് പെന്തക്കോസ്തിൽ ഉപദേശിമാരേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് പാസ്റ്റർമാർ എത്തി. ഇപ്പോൾ ഉപദേശിമാർ അശ്ശേഷമില്ല. പാസ്റ്റർമാർക്കും വംശനാശം വന്നുകൊണ്ടിരിക്കയാണ്. സകല അണ്ടനും അടകോടനും റവയായിക്കൊണ്ടിരിക്കയാണ്. ചിലരൊക്കെ വെഷപ്പുമാരും ആയിട്ടുണ്ടല്ലോ. ഭാവിയിൽ ഇവർ നിദാന്ത വന്ദ്യ ദിവ്യ മഹിമ ശ്രീകൾ ആകും. കുന്തിരിക്കം ഇട്ട് ശവം അടക്കും.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3022356, 9447414608

# പെന്തക്കോസ്തുകാർക്ക് ഇനി ഓട്ടൻതുള്ളലും

മൂക്കോളം മുങ്ങിയാൽ പിന്നെ മൂവാളോ നാലാളോ എന്നു നോക്കുന്നതെന്തിന്? പെന്തക്കോസ്തുകാർ ജാതികളുടെ സംസ്ക്കാരം സ്വീകരിച്ചിട്ട് വർഷങ്ങൾ പലതായി. ഇനി ഓട്ടൻതുള്ളൽ മാത്രമായിട്ട് വേണ്ടെന്നു വെയ്ക്കുന്നതെന്തിന്.

സ്വന്തം മകളെ ഭാര്യയാക്കിയതിന് ദേവൻമാർ കൊന്ന പ്രജാപതിയെന്ന ഹൈന്ദവ ദേവനെ ക്രിസ്തുവായി അവതരിപ്പിച്ച് ദൈവമക്കളെ അന്യദൈവാരാധനയിലേക്ക് തള്ളിയിട്ട ജോസഫ് പടിഞ്ഞാറേക്കരയെന്ന സാത്താന്റെ സന്തതിയാണ് ഇപ്പോൾ ഓട്ടൻതുള്ളലുമായി രംഗത്തു വന്നിരിക്കുന്നത്. പെന്തക്കോസ്ത് ചരിത്രം ഈ വിദ്വാൻ ഓട്ടൻ തുള്ളലാക്കി. മുക്തിമിഷൻ ഇന്റർനാഷണൽ എന്ന കടലാസ് സംഘടനയുടെ പേരിലാണ് ഈ വിക്രിയകൾ നടത്തിയിരിക്കുന്നത്.

കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്നു പറഞ്ഞതുപോലെ പടിഞ്ഞാറേക്കരയ്ക്ക് രണ്ടു ശിങ്കിടികളേയും കിട്ടി. ഗുഡ്ന്യൂസ് ജനുവരി 16 ലക്കത്തിൽ ഇവരുടെ പേര് ഗോപാൽണി വടയാർ, പ്രഫുൽകുമാർ എന്നിങ്ങനെയാണ് കൊടുത്തിരിക്കുന്നത്. തലയോലപ്പറമ്പിലുള്ള മുക്തിഭവ് ആണ് വിലാസമായി കൊടുത്തിരിക്കുന്നത്. (അച്ചടിപ്പിശകല്ലെങ്കിൽ ഈ പേരുകൾ തന്നെ വിചിത്രമാണ്). ഏറെ താമസിയാതെ പെന്തക്കോസ്തുകാർ കഥകളി, മോഹിനിയാട്ടം, പരിചമുട്ടുകളി, ചവിട്ടുനാടകം, അറുകൊലതുള്ളൽ തുടങ്ങി പലതും ആരംഭിക്കും എന്ന് പ്രത്യാശിക്കാം.

# പി. പി. ജോബ് വീണ്ടും കള്ളം പറയുന്നു

കള്ളം പറഞ്ഞ് പഠിച്ചവർക്ക് കള്ളം പറയാതെ ജീവിക്കാനാവില്ല. പി.പി.ജോബിന് പറ്റിയിരിക്കുന്നതും ഇതുതന്നെ. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ നടന്നിരുന്ന മതപീഡകളേക്കുറിച്ച് പൊടിപ്പും തൊങ്ങലും വെച്ച് എഴുതി ജനങ്ങളുടെ സഹതാപം പിടിച്ചുപറ്റി പണക്കാരനായ ജോബിന് കമ്യൂണിസത്തിന്റെ തകർച്ച കനത്ത ആഘാതമായി. എഴുതാൻ വിഷയമില്ലാതായപ്പോൾ ജോബ് ഇന്ത്യയിലെ മതപീഡകളേക്കുറിച്ച് നിറംപിടിപ്പിച്ച കഥകൾ പ്രചരിപ്പിച്ച് പണമുണ്ടാക്കാൻ തുടങ്ങി. അതിനിടയിലാണ് ജോബിന്റെ മകൻ ഒരു വാഹന അപകടത്തിൽ മരിച്ചത്.

മകൻ മരിച്ചത് ദു:ഖകരമായ കാര്യമാണ്. മക്കളുള്ളവർക്കെല്ലാം അതിന്റെ വേദന മനസ്സിലാകും. പക്ഷേ, ജോബ് സ്വന്തം മകന്റെ മരണം രക്തസാക്ഷിത്വമാക്കി. സുവിശേഷ വിരോധികൾ മകനെ കൊന്നു എന്ന് പ്രചരിപ്പിച്ചു. എന്തു വിഡ്ഢിത്തവും വിശ്വസിക്കുന്നവർ ഇതും വിശ്വസിച്ചു. കുറെയേറെ സഹതാപവും പണവും ഈ വകയിൽ ജോബ് നേടുകയും ചെയ്തു.

ഈ ഭോഷ്ക്ക് വീണ്ടും ഇതാ ജോബ് പൊടിതട്ടി പുറത്തെടുത്തിരിക്കുന്നു. മരുപ്പച്ചയുടെ ജനുവരി 20 ലക്കത്തിൽ ജോബ് പറയുന്നു: ''ഞാൻ സുവിശേഷകനായതുകൊണ്ട് അവർ എന്റെ മകനെ കൊന്നു''. ഒന്നാംതരം നുണയാണിത്. ജോബിന്റെ മകന്റെ മരണം വെറും അപകടമരണം മാത്രമായിരുന്നു. സുവിശേഷ വിരോധികൾ വാഹനം ഇടിപ്പിച്ച് കൊന്നതല്ല. മകന്റെ മരണം പോലും വിറ്റ് പണമാക്കാൻ ശ്രമിക്കുന്ന ഈ നീചനെ ദൈവമക്കൾ തിരിച്ചറിയണം.

## സുരേഷ് ബാബുവിന്റെ മഞ്ഞാടി പ്രോഗ്രാം ക്യാൻസൽ ചെയ്തു

സുരേഷ് ബാബുവിന്റെ മഞ്ഞാടിയിലെ പ്രോഗ്രാം റദ്ദാക്കി. സുരേഷിനെ വിളിച്ച് യോഗം നടത്തുന്നതിനെതിരെ ഡിഫെൻഡർ ശക്തമായ നിലപാടെടുത്തതുകൊണ്ടാണ് സുരേഷിന്റെ പ്രോഗ്രാം ക്യാൻസലാക്കിയത്.

ഇംഗ്ലീഷ് ഡേറ്റ് കൊടുത്തു തീരുമ്പോൾ മലയാളം ഡേറ്റ് കൊടുക്കുന്ന സ്ഥിതിയായിരുന്നു ഏതാനും വർഷം മുൻപുവരെ സുരേഷ് ബാബുവിന് ഉണ്ടായിരുന്നത്. എന്നാൽ സുരേഷ് ബാബു രക്ഷിക്കപ്പെട്ടവൻപോലും അല്ലെന്നും തട്ടിപ്പിന്റേയും ദുർന്നടപ്പിന്റേയും ആശാനാണെന്നും ഡിഫെൻഡർ പലവട്ടം വ്യക്തമാക്കിയെങ്കിലും അതിന് ചെവി കൊടുക്കാൻ മിക്കവർക്കും മനസ്സുണ്ടായിരുന്നില്ല. പക്ഷേ, സുരേഷിന്റെ തനിനിറം പലരും നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടു. അങ്ങനെയാണ് സുരേഷിന് പ്രോഗ്രാമുകൾ കുറയാൻ തുടങ്ങിയത്.

എത്ര വലിയ കള്ളനായാലും വേണ്ടില്ല, ഞങ്ങൾക്ക് സുരേഷിനെ മതി എന്നു ശഠിക്കുന്ന കുറെ പെരുങ്കള്ളൻമാർ മാത്രമാണ് ഇപ്പോൾ സുരേഷിനെ ചുമന്നുകൊണ്ട് നടക്കുന്നത്. മഞ്ഞാടിയിലും ഇത്തരത്തിലുള്ള ചില വിഡ്ഢികളുണ്ട്. അവരാണ് സുരേഷിന്റെ പ്രോഗ്രാം ബുക്ക് ചെയ്തത്. പക്ഷേ, വിചാരിക്കുന്നത്ര എളുപ്പമല്ല കാര്യങ്ങൾ എന്നു ബോദ്ധ്യമായതോടെ അവർ പിൻവാങ്ങുകയായിരുന്നു.

സുരേഷിനേപ്പോലുള്ള കള്ളൻമാർ സുവിശേഷം പ്രസംഗിക്കാൻ പാടില്ല എന്ന നിലപാടാണ് ഡിഫെൻഡറിനുള്ളത്. അതുകൊണ്ട് ഇത്തരക്കാർക്കെതിരെ ഡിഫെൻഡർ നിരന്തരം പോരാടിക്കൊണ്ടിരിക്കയാണ്. പെന്തക്കോസ്തുകാരിൽ നല്ലൊരുപങ്ക് വിഡ്ഢികളായതുകൊണ്ട് സുരേഷിനെ പുറത്താക്കുക എളുപ്പമല്ല. എങ്കിലും സുരേഷിനെ ഔട്ടാക്കുന്നതുവരെ ഡിഫെൻഡർ പോരാടിക്കൊണ്ടിരിക്കും.

# ഡോ. ഹാബേൽ ജി. വർഗീസിന് അഭിനന്ദനം

''തയ്യാറാക്കാത്ത തകർപ്പൻ പ്രസംഗം'' എന്ന തലക്കെട്ടിൽ ഡോ.ഹാബേൽ ജി. വർഗീസ് മരുപ്പച്ചയിൽ എഴുതിയ പ്രതികരണം അഭിനന്ദനം അർഹിക്കുന്നു. പെന്തക്കോസ്ത് ആരാധനയുടെ സ്ഥിതി എന്ത് എന്ന് ഈ കുറിപ്പ് വ്യക്തമാക്കുന്നു. ഡോ.ഹാബേൽ ജി.വർഗീസ് എഴുതിയത് ഇതാണ്:

സഭാദ്ധ്യക്ഷൻ വിയർത്തൊലിച്ച് ഓടിക്കിതച്ച്, ഞായറാഴ്ച, സമയത്തുതന്നെ ആരാധനയ്ക്കു ഹാജരായി. കൃത്യനിഷ്ഠ വേണമല്ലോ. ആദ്യം രണ്ടു പാട്ടുകൾ, സഭാജനങ്ങളിൽ ഒരാൾ ആരംഭിച്ച് എല്ലാവരും ഏറ്റുപാടി. പാട്ടുപുസ്തകത്തിൽ ഇനി വേറെ പാട്ടുകൾ ഒന്നും ഇല്ല എന്നു തോന്നുമാറ് ആ പാട്ടിന്റെതന്നെ ചില ചരണങ്ങൾ അനേക ആവർത്തി പാടി. അതിനിടയിൽ സഭാദ്ധ്യക്ഷൻ അല്പം സാവകാശം കണ്ടെത്തി. അവിടെയും ഇവിടെയും ഒന്നു നോക്കി ആമുഖ പ്രസ്താവനയ്ക്കുള്ള കാര്യങ്ങൾ കടലാസ്സിൽ കുറിച്ചു. പാട്ടു തുടരുന്നതിനിടയിൽ അന്നത്തെ സങ്കീർത്തനഭാഗം കണ്ടെത്തുവാൻ വേദപുസ്തകത്തിന്റെ മദ്ധ്യ പേജുകളിൽക്കൂടി ഒന്നു പരതി നടന്നു. ഒരു സങ്കീർത്തനം തപ്പിയെടുത്തു. പുസ്തകം അടയാളം വെച്ചു മടക്കി. തുടർന്നു പ്രാർത്ഥന സശ്രദ്ധം ശ്രവിച്ചു. പ്രാർത്ഥനയ്ക്ക് ആമേൻ പറയാൻ കഴിയാതെവണ്ണം ഇടയ്ക്കിടെ ചിലരുടെ ഞെട്ടിക്കുന്ന സ്തുതിസ്തോത്രാട്ടഹാസങ്ങൾ. സഭാശുശ്രൂഷകന്റെ ഇടയ്ക്കിടെയുള്ള ശബ്ദവിക്ഷേപങ്ങളും കൂടെ ഇതോടു കലർന്നു വ്യക്തിപര പ്രാർത്ഥനാകോലാഹലമായി മാറുന്നു. അടുത്തത് സങ്കീർത്തന വായനയും വിശകലനവും. ഓരോ വാക്യാംശവും രണ്ടുമൂന്നു തവണ ഉച്ചത്തിൽ ഇരുവിട്ട് ഹാല്ലേലൂയ്യാ എന്ന ഫുൾ സ്റ്റോപ്പോടുകൂടി ജനങ്ങളെ ഉണർത്താനുള്ള ഒരു വലിയ യത്നമാണ് അടുത്ത പടി. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു ശേഷമാണ് സഭാംഗങ്ങളുടെ സാക്ഷ്യങ്ങൾ. അപ്പോഴാണ് അന്നത്തെ ആത്മീക ആഹാരം തയ്യാറാക്കാനുള്ള തീവ്രയത്നത്തിൽ ശുശ്രൂഷകൻ പ്രവേശിക്കുന്നത്. പഴയ കടലാസ്സു തുണ്ടുകൾ പരതി ഒരു പരക്കംപാച്ചിൽ. പുസ്തകത്തിന്റെ താളുകൾ മറിച്ചു മറിച്ചു ചില പേജുകൾ മടക്കി വെച്ചു. സാക്ഷ്യങ്ങൾ ശ്രവിക്കുന്ന മട്ടിൽ ഇടയ്ക്കിടെ തല പൊക്കി നോക്കി, ചില സ്തോത്രങ്ങൽ. സാക്ഷ്യസമയം കഴിഞ്ഞു. ഇനിയാണ് ജനങ്ങളുടെ ദഹനേന്ദ്രിയങ്ങൾക്ക് ഒട്ടും പിടിക്കാത്ത വിഭവങ്ങൾ വിളമ്പുക. ഇടയ്ക്കിടെ ''കൈയുയർത്തി ഒരു ഹാല്ലേലൂയ്യാ പറയുക'' എന്നു പറഞ്ഞുകൊണ്ടിരിക്കും. ജനങ്ങൾ ഞെളിപിരി കൊള്ളുന്നു. പക്ഷേ പ്രസംഗം തകർത്തു മുമ്പോട്ടു നീങ്ങുന്നു.

ചോദ്യം: ബഹുമാന്യ കർതൃദാസൻമാരെ, തിങ്കൾ മുതൽ ശനി വരെ നിങ്ങൾക്കു സമയമില്ലേ, ഒരു പ്രബോധനം പ്രാർത്ഥനയോടും ഒരുക്കത്തോടുംകൂടി ദൈവസന്നിധിയിൽ ഇരുന്ന് തയ്യാറാക്കി ജനങ്ങൾക്ക് ഒരു ആത്മീക വിരുന്നായി വിളമ്പുവാൻ?

# മരുപ്പച്ചയുടെ ശ്രദ്ധയ്ക്ക്

ഡോ.ഹാബേൽ ജി. വർഗീസിന്റെ പ്രതികരണം കൂടാതെ ജോസഫ് പുലിക്കുന്നേൽ എഴുതിയ ലേഖനവും ഒന്നാംതരമായിരുന്നു. മരുപ്പച്ചയിലെ സ്ഥിരം ചവറുകളുടെ ദുർഗ്ഗന്ധം സഹിച്ചു മടുത്ത വായനക്കാർക്ക് വല്ലപ്പോഴുമെങ്കിലും ഇത്തരത്തിലുള്ള ലേഖനങ്ങളും കുറിപ്പുകളും ഒരു ഇടക്കാലാശ്വാസമെന്ന നിലയ്ക്കെങ്കിലും നൽകാൻ അച്ചൻകുഞ്ഞ് ശ്രദ്ധിക്കണം. മറിയത്തോടു പ്രാർത്ഥിക്കുന്നതുൾപ്പെടെയുള്ള എല്ലാ കത്തോലിക്കാ ഉപദേശങ്ങളും പ്രചരിപ്പിക്കുന്ന ബെന്നി പുന്നത്തറയുടെ ധ്യാനം മരുപ്പച്ചയിൽ ഉള്ളിടത്തോളം കാലം മരുപ്പച്ചയുടെ ദുർഗ്ഗന്ധം പൂർണ്ണമായി മാറുകയില്ല. (അമ്മയേയും മകളേയും ഒന്നുപോലെ ഭാര്യയാക്കിയ കെ.സി.ജോണിന്റെ സി.ഡി. വിൽക്കുന്ന പരിപാടികൂടി ഒന്നു നിർത്തിയാൽ കൊള്ളാം).





## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3022356, 9447414608

# വ്യാഖ്യാനത്തിലെ കല്ലുകടികൾ

നല്ല ശമര്യാക്കാരനെ നമുക്കെല്ലാം നല്ല പരിചയമാണ്. ആരാണ് നല്ല ശമര്യാക്കാരനെന്നും നമുക്കറിയാം. കർത്താവായ യേശുക്രിസ്തു. എങ്ങനെയാണ് യേശു നല്ല ശമര്യാക്കാരനാകുന്നത്? പറയാം.

യെരുശലേമിൽ നിന്ന് യെരീഹോയിലേക്ക് പോയി, അതായത് പിൻമാറിപ്പോയി. കള്ളൻമാരുടെ കൈയിൽ അകപ്പെട്ടു എന്നു പറഞ്ഞാൽ സാത്താന്റെ കൈയിൽ അകപ്പെട്ടു എന്നർത്ഥം. അവനെ പൗരോഹിത്യം രക്ഷിച്ചില്ല. പക്ഷേ, ശമര്യാക്കാരൻ അവന്റെ രക്ഷയ്ക്കെത്തി. മുറിവുകൾ കഴുകി (പാപം പോക്കി), എണ്ണ തേച്ചു (പരിശുദ്ധാത്മാവിനെ നൽകി). വഴിയമ്പലത്തിൽ, അതായത് സഭയിൽ, ആക്കി. രണ്ടു വെള്ളിക്കാശ് (പഴയ നിയമവും പുതിയ നിയമവും) കൊടുത്തു. സംഗതി ഭേഷ്.

പൗലോസ് കപ്പലിൽ പോയത് നമ്മുടെ ജീവിതയാത്രയാണ്. ഈശാനമൂലൻ എന്നത് ജീവിതത്തിലുള്ള പ്രതിബന്ധങ്ങളാണ്. മെലീത്ത ദ്വീപ് സഭയാണ്. ആമേൻ. ഹാലേലൂയ്യാ.

ദാവീദ് തോട്ടിലേക്കിറങ്ങി അഞ്ചു കല്ലെടുത്തു. തോട് പരിശുദ്ധാത്മാവാണ്. അഞ്ച് എന്നത് കൃപയാണ്. ഏതൊക്കെയാണ് ആ കല്ല്. ഒന്ന്, വിശ്വാസം, രണ്ട്, പ്രത്യാശ ....

മടുത്തു എന്നു പറഞ്ഞാൽ പിണങ്ങരുത്. സാമാന്യ ബോധമുള്ള ആർക്കും ഇതൊന്നും സഹിക്കാൻ പറ്റുമെന്ന് തൊന്നുന്നില്ല. എവിടുന്നു കിട്ടി ഈ വ്യാഖ്യാനങ്ങൾ എന്ന് അറിഞ്ഞുകൂടാ. ആരോ ഒരിക്കൽ പറഞ്ഞു. കേട്ടവരെല്ലാം അതാവർത്തിക്കുന്നു. കഷ്ടമെന്നല്ലാതെ എന്തു പറയാൻ.

പത്തു കന്യകമാരുടെ കഥയും ഈ വിധത്തിലാണ് വ്യാഖ്യാനിക്കുന്നത്. പത്തു കന്യകമാരും മണവാട്ടിമാരാണ്. പക്ഷേ ഒരു മണവാളനേയുള്ളു. ഒരു പുരുഷൻ പത്തു കന്യകമാരെ ഒന്നിച്ച് വിവാഹം കഴിക്കുന്ന പരിപാടി ഈ ഭൂലോകത്ത് എവിടെയെങ്കിലും നടക്കുമോ? വിവാഹ ദിവസം രാത്രിയിൽ മണവാളനെ എതിരേൽക്കാനായി മണവാട്ടി വിളക്കുമെടുത്ത് തെരുവിൽ കാത്തിരിക്കുമോ? കർത്താവിന്റെ കാലത്ത് ഇങ്ങനെയൊരു രീതി ഉണ്ടായിരുന്നോ? കന്യകമാരിൽ അഞ്ചെണ്ണത്തിനെ ഉപേക്ഷിച്ചിട്ട് അഞ്ചെണ്ണത്തിനെ മണവാളൻ വിവാഹം കഴിച്ചോ? എവിടെയാണ് തെറ്റിയത്?

മുടിയൻ പുത്രന്റെ കഥയും മേല്പടി തന്നെ. പന്നിക്കും വാളവിരയ്ക്കും വരെ അർത്ഥം കൊടുക്കും. മേൽത്തരമായ അങ്കി നീതിയെന്ന അങ്കിയാണ്. ചെരുപ്പ് സമാധാന സുവിശേഷത്തിനുള്ള ഒരുക്കമാണ്. മോതിരം കൃപാവരമാണ്. തടിപ്പിച്ച കാളക്കുട്ടിക്ക് അല്പം അശ്ലീലം കലർന്ന വ്യാഖ്യാനം കൊടുക്കുന്നവർ വരെയുണ്ട്. നീതിയെന്ന അങ്കി ധരിച്ച് സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരുപ്പാക്കി നിൽക്കുന്നത് മകനല്ല പടയാളിയാണെന്ന് നാം മറക്കുന്നു. നദി എവിടെ കണ്ടാലും പരിശുദ്ധാത്മാവാണ്. ചെരുപ്പ് എപ്പോഴും സുവിശേഷത്തിനുള്ള ഒരുക്കമാണ്. മണവാട്ടിയെന്നു കേട്ടാൽ സഭയെന്ന് മനസ്സിലാക്കും. യിസ്ഹാക്ക് റിബേക്കയെ വിവാഹം കഴിക്കുന്നു എന്നു പറഞ്ഞാൽ കർത്താവായ യേശുക്രിസ്തു സഭയാകുന്ന മണവാട്ടിയെ വിവാഹം കഴിക്കുന്നതാണത്രേ. എലയാസർ പരിശുദ്ധാത്മാവാണ്. ആഭരണങ്ങൾ കൃപാവരങ്ങളും.

പഴയനിയമം നിഴലും പുതിയനിയമം അതിന്റെ പൊരുളും ആണെന്നത് ശരിതന്നെ. പക്ഷേ പഴയനിയമത്തിലുള്ള എല്ലാ സംഭവത്തിനും പുതിയനിയമത്തിൽ പൊരുൾ തിരഞ്ഞാൽ ഇതാകും ഫലം.

വ്യാഖ്യാനശാസ്ത്രത്തിന്റെ ആദ്യാക്ഷരങ്ങൾ പോലും അറിയാതെയാണ് മിക്കവരും ദൈവവചനം വ്യാഖ്യാനിക്കുന്നത്. സങ്കീർത്തനത്തിലെ പ്രാർത്ഥന അക്ഷരാർത്ഥത്തിൽ എടുക്കയും ശത്രുവിന്റെ തലയിൽ ഇടിത്തീ വീഴുന്നതു കാണാൻ കാത്തിരിക്കയും ചെയ്യുന്നത് അറിവില്ലായ്മ കൊണ്ടാണ്.

ദൈവവചനം വ്യാഖ്യാനിക്കുന്നവർ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട ചില വസ്തുതകളുണ്ട്. അവ അറിയാതെ ദൈവവചനം വ്യാഖ്യാനിക്കുമ്പോഴാണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

ദൈവവചനം എങ്ങനെയാണ് വ്യാഖ്യാനിക്കേണ്ടത് എന്ന് വിശദീകരിക്കുന്ന ഒരു ലേഖന പരമ്പര ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ചിരുന്നു. പക്ഷേ നിരവധി ലക്കങ്ങൾ നീളുന്ന ഒരു വൻപരമ്പരയായി അത് മാറും എന്ന് ബോദ്ധ്യമായതുകൊണ്ട് ആ ശ്രമം ഉപേക്ഷിക്കുകയാണ്. എന്നാൽ വീട്ടിലൊരു ബൈബിൾ സ്കൂൾ എന്ന സി.ഡി. പരമ്പരയിലെ 6-ാമത്തെ സി.ഡിയിൽ ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയം വിശദമായി (ഏകദേശം 12 മണിക്കൂർ) പാഠവിധേയമാക്കുന്നുണ്ട്.



# ഡിഫെൻഡർ മറുപടി പറയുന്നു

? വടക്കേ ഇന്ത്യയിൽ ദൈവവേല ചെയ്യുന്ന ഒരു സുവിശേഷകനാണ് ഞാൻ. ഒരു വിഷമ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനാണ് ഈ കത്ത്. ചെറുപ്പക്കാരനായ ഒരു വ്യക്തി ഈയിടെ രക്ഷിക്കപ്പെട്ടു. അദ്ദേഹത്തിന് രണ്ടു ഭാര്യമാരുണ്ട്. അവരുടെ സമുദായാചാരപ്രകാരം ഇത് തെറ്റല്ല. ഈ ഭാര്യമാരും രക്ഷിക്കപ്പെട്ടുകഴിഞ്ഞു. ഇവർ സ്നാനപ്പെടാൻ തയ്യാറാണ്. എങ്ങനെയാണ് ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടത്?

■ ഇതൊരു വിഷമപ്രശ്നമാണെന്ന കാര്യത്തിൽ സംശയമില്ല. അമിതാവേശത്തിന് അടിമപ്പെട്ട് ഒരു തീരുമാനം എടുക്കാൻ പറ്റാത്ത കാര്യവുമാണിത്. അതുകൊണ്ട് അല്പം വളച്ചുകെട്ടി മറുപടി പറയാം.

സഹോദരീസഹോദരൻമാരുടെ മക്കൾ തമ്മിലുള്ള വിവാഹം ഹൈന്ദവരുടെ ഇടയിൽ അനുവദനീയമാണ്. അതുപോലെ, അമ്മാവനും മരുമകളും തമ്മിലുള്ള വിവാഹം തമിഴ്നാട്ടിൽ തെറ്റല്ല. പക്ഷേ ഇതൊന്നും ക്രൈസ്തവരുടെ ഇടയിൽ അനുവദനീയമല്ല. ഏതെങ്കിലും വിശ്വാസി ഇങ്ങനെ ചെയ്താൽ സഭയിൽ നിന്നും പുറത്താകയും ചെയ്യും. പക്ഷേ, ഇത്തരത്തിൽ വിവാഹം കഴിച്ച ഒരു കുടുംബം വിശ്വാസത്തിൽ വന്നാൽ സഭ സ്വീകരിക്കയും ചെയ്യും. ഇത് ശരിയോ തെറ്റോ?

അദ്ധ്യക്ഷൻ ഏക ഭാര്യയുടെ ഭർത്താവായിരിക്കണം എന്ന് പൗലോസ് പറയുന്നു. സാധാരണക്കാരായ വിശ്വാസികൾക്ക് ഈ നിബന്ധന ബാധകമല്ല എന്ന ധ്വനി അതിലുണ്ടോ? ഉണ്ടെന്നും ഇല്ലെന്നും വാദമുണ്ട്.

ഇതുപോലെയുള്ള നിരവധി പ്രശ്നങ്ങൾക്ക് തക്ക മറുപടി പറയാൻ നമുക്ക് കഴിയുന്നില്ല. നേതാക്കൻമാരാണ് ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മാർഗ്ഗനിർദ്ദേശം തരേണ്ടത്. എന്നാൽ അവർക്ക് അതിനൊന്നും നേരമില്ല. താല്പര്യവുമില്ല. ഉലകം ചുറ്റി നടന്ന് പണമുണ്ടാക്കുക, കസേര മറ്റാരും തട്ടിയെടുക്കാതിരിക്കാനുള്ള തന്ത്രങ്ങൾ മെനയുക തുടങ്ങിയതിലൊക്കെയാണ് അവർക്ക് താല്പര്യം.

ദൈവവചനം ആഴത്തിൽ പഠിച്ചിട്ടുള്ള നേതാക്കൻമാരും വിരളമാണ്. ഏലിയാവും കാക്കയും ഒക്കെയാണ് ഇവരുടെ സ്ഥിരം പ്രസംഗവിഷയം. അതിൽ അധികമായി ഒന്നും പറയാൻ അവർക്ക് അറിഞ്ഞുകൂടാ.

പാപം എന്നാൽ എന്ത്? കല്പനാലംഘനമാണ് പാപം. ചെയ്യരുതെന്ന് ദൈവം കല്പിച്ച പ്രവൃത്തി ചെയ്യുന്നതാണ് പാപം. കല്പനയില്ലാത്തിടത്ത് ലംഘനവുമില്ല. ഭാര്യ ജീവനോടെ ഇരിക്കുമ്പോൾ മറ്റൊരു വിവാഹം കഴിക്കുന്നത് പഴയനിയമകാലത്ത് പാപമല്ലായിരുന്നു. കാരണം, ഇതിനെതിരെ കല്പനയുമില്ലായിരുന്നു. അബ്രഹാമിന് ഒരേസമയം രണ്ടു ഭാര്യമാർ ഉണ്ടായിരുന്നല്ലോ. യാക്കോബിന് നാലു ഭാര്യമാരും അവരിലെല്ലാം മക്കളും ഉണ്ടായിരുന്നു. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനായിരുന്ന ദാവീദിന് നിരവധി ഭാര്യമാരുണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ കാലത്തും ഇതുതന്നെയായിരുന്നു സ്ഥിതി. കാരണം, പഴയനിയമമായിരുന്നല്ലോ അന്നു നിലനിന്നിരുന്നത്.

ഭാര്യയെ ഉപേക്ഷിക്കുന്നതിനെതിരെ കർത്താവ് സംസാരിച്ചിട്ടുണ്ട്. പക്ഷേ ഒന്നിലധികം ഭാര്യമാരുള്ളവർക്കെതിരെ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? ജാതികളുടെ ഇടയിലും ബഹുഭാര്യത്വം നിലനിന്നിരുന്നു. അവരിൽ ചിലരെങ്കിലും വിശ്വാസികളായി തീർന്നിരിക്കാൻ ഇടയുണ്ട്. പക്ഷേ ലേഖനങ്ങളിൽ എവിടെയെങ്കിലും ഈ പ്രശ്നത്തേക്കുറിച്ച് പറയുന്നുണ്ടോ? ഇല്ലെന്നു വ്യക്തം.

ഭാര്യയെ ഉപേക്ഷിക്കാതെ മറ്റൊരു വിവാഹംകൂടി കഴിക്കുന്നത് പുതിയനിയമം വിലക്കിയിട്ടില്ല എന്ന് ആരെങ്കിലും വാദിച്ചാൽ നാം എന്തു മറുപടി പറയും? ബഹുഭാര്യത്വം തെറ്റാണെന്ന് എങ്ങനെ തെളിയിക്കും? അഞ്ചു ഭർത്താക്കൻമാരെ ഉപേക്ഷിച്ച് ഭർത്താവല്ലാത്ത ഒരുവന്റെ കൂടെ കഴിഞ്ഞിരുന്ന ശമര്യാക്കാരിക്ക് കർത്താവ് ജീവജലം വാഗ്ദത്തം ചെയ്തു എന്നത് ഒരു വസ്തുതയല്ലേ? ആവേശം മാറ്റി വെച്ച് ദൈവവചനം പഠിച്ചു നോക്കൂ. ഇതൊരു കുഴഞ്ഞ പ്രശ്നമാണെന്ന് അപ്പോൾ മനസ്സിലാകും.

ഒന്നിലധികം ഭാര്യമാരോ ഭർത്താക്കൻമാരോ ആകാം എന്ന് ഞാൻ പറഞ്ഞു എന്ന് ധരിക്കരുത്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. എന്നാൽ ഇതിൽ കുറെ വിഷമ പ്രശ്നങ്ങളുണ്ട് എന്ന വസ്തുത തുറന്നു പറഞ്ഞു എന്നു മാത്രം. ഈ പ്രശ്നത്തിന് നാം പരിഹാരം കണ്ടേ മതിയാകൂ.

അറിയായ്മയുടെ കാലം ദൈവം കണക്കിടുന്നില്ല എന്ന് ദൈവവചനം വ്യക്തമാക്കുന്നു. അങ്ങനെയെങ്കിൽ അവിശ്വാസി ആയിരുന്ന കാലത്ത് ഒന്നിലധികം വിവാഹം കഴിച്ചത് ദൈവം ക്ഷമിക്കും എന്നു വ്യക്തം. പക്ഷേ പ്രശ്നം അവിടംകൊണ്ടും തീരുന്നില്ല. വിശ്വാസത്തിൽ വന്നശേഷം രണ്ടു ഭാര്യമാരേയും പഴയതുപോലെ ഭാര്യമാരായി പരിഗണിച്ച് സഹവസിക്കാമോ? ആകാമെങ്കിൽ മറ്റു വിശ്വാസികൾക്കും ബഹുഭാര്യത്വം ആകരുതോ? വിശ്വാസത്തിൽ വരുമ്പോൾ ആദ്യ ഭാര്യയെ ഒഴികെയുള്ള ഭാര്യമാരെ ഉപേക്ഷിക്കണമെന്ന് പറയുന്നവരുണ്ട്. അപ്രകാരം ഉപേക്ഷിക്കപ്പെടുന്ന ഭാര്യമാരുടെ സ്ഥിതി പരമ ദയനീയമാണ്. രക്ഷിക്കപ്പെട്ടതുകൊണ്ട് അവർക്ക് ഭർത്താവിനെ നഷ്ടമായി. അവരുടെ കുട്ടികൾക്ക് പിതാവിനെ നഷ്ടമായി. രക്ഷ അവർക്ക് ശിക്ഷയായി എന്നു ചുരുക്കം.

വ്യഭിചാരം തൊഴിലാക്കിയ നേതാക്കൻമാർ പെന്തക്കോസ്തിലുണ്ട്. ചെന്നിടത്തെല്ലാം ഭാര്യയും മക്കളുമുള്ള പ്രസംഗകരുണ്ട്. അവരൊക്കെ അത്യുഗ്രൻ വിശുദ്ധൻമാർ. അവരെ ക്ഷണിച്ചു വരുത്തി കൺവെൻഷന് പ്രസംഗിപ്പിക്കാൻ പെന്തക്കോസ്തുകാർക്ക് ലജ്ജയില്ല. ഇത്തരം നേതാക്കൻമാരെ അഭിഷിക്തരായി കണക്കാക്കി ചുമന്നുകൊണ്ടു നടക്കാനും തയ്യാർ. പക്ഷേ പാവപ്പെട്ടവന്റെ കാര്യം വരുമ്പോൾ ഇവരെല്ലാം പത്തി വിടർത്തും. വിശുദ്ധിയുടെ സംരക്ഷകരാകും.

വിശ്വാസപരമായ വിഷയങ്ങളിൽ തർക്കമുണ്ടായപ്പോൾ ആദിമസഭ എന്താണ് ചെയ്തത്? അപ്പോസ്തലൻമാർ കൂടിയാലോചിച്ച് തീരുമാനം എടുത്തു. അത് സഭയുടെ ചട്ടമായി. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നാണല്ലോ കർത്താവ് പറഞ്ഞത്.

ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന വിഷയങ്ങളേക്കുറിച്ച് ഇപ്രകാരം തീരുമാനത്തിൽ എത്തേണ്ട ആവശ്യമില്ല. മാനസാന്തരം, സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയ വിഷയങ്ങൾ ഉദാഹരണമായെടുക്കാം. ഇവയേക്കുറിച്ചെല്ലാം സഭക്ക് വ്യക്തമായ പഠിപ്പിക്കലുകളുണ്ട്. കാരണം, ഇവയെല്ലാം ദൈവവചനത്തിൽ വിശദമായി പറയുന്ന കാര്യങ്ങളാണ്. എന്നാൽ നാം ചിന്തിച്ചു വന്നതുപോലെയുള്ള പ്രശ്നങ്ങൾക്ക് ദൈവവചനത്തിൽ വ്യക്തമായ ഉത്തരമില്ല. അതുകൊണ്ട് സഭ ഒരു തീരുമാനത്തിലെത്തണം. കാക്കത്തൊള്ളായിരം സംഘടനകളും അതിലധികം നേതാക്കൻമാരും ഉള്ള കാലത്ത് ഇത് എങ്ങനെ സാധിക്കും? ഒരു തീരുമാനത്തിൽ എത്തിയാൽ തന്നെ അത് എല്ലാവരും അംഗീകരിക്കും എന്നതിന് എന്താണ് ഉറപ്പ്?

# ദേവിന് പെന്തക്കോസ്തിൽ എന്തുകാര്യം?

ജെ.സി.ദേവ് എന്ന നീചന് പെന്തക്കോസ്തിൽ എന്തു കാര്യം? പരിശുദ്ധാത്മാവിനെ വിറ്റ് പായസം കുടിച്ച ഈ ഏദോമ്യനെ പെന്തക്കോസ്തുകാർ ചുമക്കുന്നതെന്തിന്?

പരിശുദ്ധാത്മാവിനെ ദുഷിക്കുന്നതാണ് ഏറ്റവും വലിയ പാപമെന്ന് ദൈവവചനം വ്യക്തമാക്കുന്നു. യേശുക്രിസ്തു പിശാചിന്റെ സഹായത്തോടെയാണ് ഭൂതങ്ങളെ പുറത്താക്കുന്നത് എന്ന് ചിലർ പറഞ്ഞപ്പോഴാണ് കർത്താവ് ഇങ്ങനെ പറഞ്ഞത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ദുരാത്മാവിനാൽ നടക്കുന്നതാണെന്ന് പറയുന്നതാണിത്. ബ്രദറൺ സഭകൾ പഠിപ്പിക്കുന്നത് ഈ തരത്തിലുള്ള കടുത്ത ദുരുപദേശമാണ്. ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്നവർ ഈ പ്രശ്നം ഗൗരവത്തിൽ എടുത്തേ മതിയാകൂ.

അന്യഭാഷ, പ്രവചനം തുടങ്ങിയവ നിന്നുപോയി എന്നും ഇന്ന് ദൈവാത്മാവിൽ നിറഞ്ഞ് ആരും അന്യഭാഷ പറയുകയോ പ്രവചിക്കയോ ചെയ്യുകയില്ല എന്നുമാണ് ബ്രദറൻ സഭകൾ പറയുന്നത്. എന്നാൽ ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായതുപോലെ അന്യഭാഷയും പ്രവചനവും മറ്റും ഇന്നും നിലനിൽക്കുന്നു എന്ന് പെന്തക്കോസ്ത് സഭകൾ പഠിപ്പിക്കുന്നു. തങ്ങൾ പഠിപ്പിക്കുന്നത് ദൈവ വചനാനുസൃതമാണെന്നു വിശ്വസിക്കുന്ന ഒരു പെന്തക്കോസ്തുകാരനും ബ്രദറൺ പഠിപ്പിക്കലുകൾ അംഗീകരിക്കാൻ ആവില്ല. പെന്തക്കോസ്ത് വിശ്വാസം ശരിയാണെങ്കിൽ ബ്രദറൺ വിശ്വാസികൾ പരിശുദ്ധാത്മാവിനെ ദുഷിക്കുന്നവരാണ്. അതുകൊണ്ട് അവർ ലോകത്തിലെ ഏറ്റവും വലിയ പാപികളുമാണ്.

ബ്രദറുകാരിൽ നല്ലൊരു പങ്ക് സത്യം അറിയാതെ പരിശുദ്ധാത്മാവിനെ ദുഷിക്കുന്നവരാണ്. അവരോട് ദൈവം ക്ഷമിക്കുമോ എന്ന് അറിഞ്ഞുകൂടാ. പക്ഷേ സത്യം അറിഞ്ഞശേഷം മന:പൂർവ്വം പരിശുദ്ധാത്മാവിനെ ദുഷിക്കുന്നവരും പെന്തക്കോസ്തിലുണ്ട്. ഇത്തരക്കാരോട് ദൈവം ഒരിക്കലും ക്ഷമിക്കയില്ല. ജെ.സി.ദേവെന്ന നീചൻ ഈ ഗ്രൂപ്പിൽ പെട്ട ആളാണ്.

മൂന്നു പതിറ്റാണ്ടു മുൻപ് ദേവ് പെന്തക്കോസ്തുകാരനായിരുന്നു. അക്കാലത്ത് പരിശുദ്ധാത്മാഭിഷേകം പ്രാപിക്കയും അന്യഭാഷ പറയുകയും ചെയ്തിരുന്നു. അങ്ങനെ ചെയ്തിട്ടില്ല എന്ന് ദേവ് ഇതുവരെ പറഞ്ഞിട്ടുമില്ല. അന്ന് ഏത് ആത്മാവിലായിരുന്നു ദേവ് അന്യഭാഷ പറഞ്ഞത്?

ഈ ചോദ്യത്തിന് ദേവ് മറുപടി പറയുകയില്ല. കാരണമുണ്ട്. അന്ന് അന്യഭാഷ പറഞ്ഞത് ദൈവാത്മാവിലാണ് എന്നു പറഞ്ഞാൽ ബ്രദറുകാർ ദേവിനെ പുറത്താക്കും. കാരണം, ദൈവത്മാവിൽ ഇന്നും അന്യഭാഷ പറയാമെന്ന് പറയുകയാണ് ദേവ് ചെയ്യുന്നത്. അന്ന് ദുരാത്മാവിലാണ് അന്യഭാഷ പറഞ്ഞത് എന്നു പറഞ്ഞാൽ ബ്രദറുകാർക്ക് സന്തോഷമാകും. പക്ഷേ ദുരാത്മാവു ബാധിച്ച ദേവിനെ സുബോധമുള്ള ഒരു വിശ്വാസിയും സ്വീകരിക്കയില്ല.

മനസ്സിളകി അന്യഭാഷ പറഞ്ഞതാണെന്നു പറഞ്ഞാലോ? ഒരു ഇളക്കപ്പെരുപ്പക്കാരനാണ് ദേവ് എന്ന് അതോടെ തെളിയും. ദേവിന്റെ പുറംപൂച്ച് അതോടെ പൊളിയും. ഭ്രാന്തിളകി അന്യഭാഷ പറയാമെന്നും അതാണ് യഥാർത്ഥത്തിൽ നടന്നതെന്നും പറഞ്ഞാലുള്ള സ്ഥിതി വിശേഷിച്ച് പറയേണ്ടതില്ലല്ലോ. അന്യഭാഷ മന:പൂർവ്വം ഉണ്ടാക്കി പറഞ്ഞതാണെന്നു പറഞ്ഞാൽ ദേവ് ഒന്നാംതരം കള്ളനാണെന്ന് തെളിയും. ചുരുക്കത്തിൽ ദേവിന് മറുപടി പറയാൻ പറ്റാത്ത ചോദ്യമാണിത്. സംശയമുള്ളവർ ദേവിനോട് ''നിങ്ങൾ പണ്ട് അന്യഭാഷ പറഞ്ഞത് ഏതാത്മാവിലായിരുന്നു'' എന്ന് ചോദിച്ചുനോക്കൂ. ഈ കള്ളൻ മറുപടി പറയില്ല.

ഏതോ ചില പെന്തക്കോസ്തുകാർ ദേവിനെ കൊഞ്ഞനം കുത്തി എന്നോ മറ്റോ കാരണം പറഞ്ഞ് ദേവ് പരിശുദ്ധാത്മാവിനെ വിറ്റിട്ട് ബ്രദറുകാരുടെ കൂടെ പോയി. അവർ കൊടുത്ത കഞ്ഞിയും പായസവും ഒക്കെ വടിച്ചു നക്കി ഏമ്പക്കം വിട്ടു. പക്ഷേ ഇപ്പോൾ ബ്രദറുകാർക്ക് ദേവിനെ വേണ്ട. ഗതികിട്ടാപ്രേതം പോലെ അലയുകയാണ് ദേവ്.

ഏതു ചെകുത്താനേയും സ്വീകരിക്കാൻ തയ്യാറുള്ള പെന്തക്കോസ്തുകാരുണ്ട്. പെന്തക്കോസ്തിലെ പ്രമുഖ പത്രമായ ഗുഡ്ന്യൂസ് തന്നെ നല്ല ഉദാഹരണം. ദേവന്ന മഹാപാപിയെ സ്വീകരിക്കാൻ അവർക്ക് ഒരു മടിയുമില്ല. പരിശുദ്ധാത്മാവിനെ വിറ്റത് ഒരു തെറ്റായി അവർ കാണുന്നതേയില്ല. അതുകൊണ്ട് ഗുഡ്ന്യൂസിലെ സ്ഥിരം എഴുത്തുകാരനാണ് ദേവ്. ഗുഡ്ന്യൂസ് ഇത്ര അധ:പതിച്ചതിൽ ദു:ഖിക്കയല്ലാതെ മറ്റു പോംവഴിയില്ലല്ലോ.

മറ്റ് ചില പെന്തക്കോസ്ത് പത്രങ്ങളിലും ദേവ് എഴുതുന്നുണ്ടെന്ന് കേൾക്കുന്നു. മുപ്പതു വെള്ളിക്കാശിന് കർത്താവിനെ വിറ്റവന്റെ പിൻമുറക്കാർ ഇന്നും പെന്തക്കോസ്തിലുണ്ട്. അവർ ഇതും ഇതിൽ അധികവും ചെയ്യും. ഒരു വലിയ പെന്തക്കോസ്ത് നേതാവ് സ്വന്തം മകന് പെണ്ണന്വേഷിച്ചു നടന്നിട്ട് ഈ കള്ളന്റെ മകളെയാണ് കിട്ടിയതെന്നു പറയുമ്പോൾ കാര്യം പിടികിട്ടുമല്ലോ.



# മത്തായിക്കുട്ടി സോദോമിലായിരുന്നോ?

പാസ്റ്റർ മത്തായിക്കുട്ടി സോദോംകാരനാണോ? (ബോംബെയിലെ എ.മത്തായിയുടെ കാര്യമല്ല ഇത്. ഈ ചങ്ങാതി തിരുവല്ലയ്ക്ക് സമീപമാണ് താമസം). മത്തായിയുടെ സ്വദേശം ഏതായാലും കൈയ്യിലിരുപ്പ് സോദോംകാരന്റേതാണ്. സംഭവം ചുരുക്കി പറയാം.

മത്തായിക്കുട്ടിക്ക് പ്രവചനത്തിന്റെ അസുഖമുണ്ട്. വല്ലപ്പോഴും ആരോടെങ്കിലുമൊക്കെ പ്രവചിച്ചില്ലെങ്കിൽ മത്തായിക്കുട്ടിക്ക് ഉറക്കം വരില്ല. പ്രവാചകനെ വിളിക്കാനും പ്രവചനം കേൾക്കാനും മിക്ക പെന്തക്കോസ്തുകാരും തയ്യാറാണ്. അതുകൊണ്ട് മത്തായിക്കുട്ടിയേപ്പോലുള്ളവർക്ക് അഷ്ടിക്ക് മുട്ടു വരാറുമില്ല.

പ്രവാചകനായ മത്തായിക്കുട്ടിയെ ഇടുക്കി ജില്ലയിലുള്ള ഒരു സഭയിൽ ശുശ്രൂഷയ്ക്ക് വിളിച്ചു. മത്തായിക്കുട്ടി ഉഗ്രമായി പ്രവചിക്കയും ചെയ്തു. സംഗതി അച്ചട്ടായിരുന്നു. അതുകൊണ്ട് സഭയിൽ സാമാന്യം ഭേദപ്പെട്ട ഉണർവ്വും ഉണ്ടായി. സംഭവമെല്ലാം കഴിഞ്ഞ് പ്രവാചകൻ ശാപ്പാടും കഴിഞ്ഞ് ഉറങ്ങാൻ കിടന്നു. ഇനിയുള്ള ഭാഗം എങ്ങനെ പറയണമെന്ന് അറിഞ്ഞുകൂടാ. കഴിയുന്നത്ര സഭ്യമായ ഭാഷയിൽ പറയാം:

''ആയിരം സങ്കല്പങ്ങൾ തേരുകൾ തീർത്ത രാവിൽ അർജ്ജുനനായ് ഞാൻ അവൾ ഉത്തരയായി'' എന്ന് സിനിമാപാട്ടുകാരൻ പറഞ്ഞതുപോലെ പ്രവാചകൻ രാത്രിയിൽ സോദോമ്യനായി. മുറിയിൽ ഉണ്ടായിരുന്ന പത്തും പതിനഞ്ചും വയസ്സ് പ്രായമുള്ള രണ്ടു കുട്ടികളാണ് ഇതിന്റെ ഫലം അനുഭവിച്ചത്. അവർ സംഭവമെല്ലാം പിറ്റേന്ന് വേണ്ടപ്പെട്ടവരോട് വിശദീകരിച്ചു. വീട്ടുകാർക്ക് സംഗതി അസ്സലായി ബോധിച്ചു. ഇത്രയുമൊക്കെ ചെയ്ത പ്രവാചകന് ശരിക്ക് കൈമടക്ക് കൊടുക്കണമല്ലോ. അതിനായി മത്തായിക്കുട്ടിയെ അന്വേഷിച്ചപ്പോഴാണ് ആ ഭീകരസത്യം അവർ അറിഞ്ഞത്: പ്രവാചകൻ നേരം വെളുക്കുന്നതിനുമുൻപേ സ്ഥലം വിട്ടിരുന്നു.

# ഐ.പി.സിയിൽ അങ്കം കുറിച്ചു

ഐ.പി.സിയിലെ അങ്കച്ചേകവൻമാർ അടുത്ത തെരഞ്ഞെടുപ്പിനുള്ള അങ്കം കുറിച്ചു കഴിഞ്ഞതായി കുമ്പനാട്ടുനിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. എങ്ങനെയെങ്കിലും അധികാരം പിടിച്ചടക്കാൻ സകല വിശുദ്ധൻമാരും കച്ച കെട്ടുകയാണ്.

പ്രായം ഇമ്മിണി ഏറെ ആയതിനാൽ ടി.എസ്.ഏബ്രഹാമിന് ഇനി മത്സരിക്കാൻ പറ്റില്ല. അതുകൊണ്ട് അടുത്ത പ്രസിഡന്റ് ആരായിരിക്കണം എന്ന കാര്യത്തിലാണ് ഏറ്റവും അധികം തർക്കമുള്ളത്. മൂന്നു ബൈമീകാമുകൻമാരാണ് രംഗത്തുള്ളത്. ജനറൽ സെക്രട്ടറിയായ കെ.എം. ജോസഫ്, സ്റ്റേറ്റ് പ്രസിഡന്റായ കെ.എം.ജോൺ, കിരീടാവകാശിയായ വൽസൻ തമ്പുരാൻ എന്നിവരാണ് പ്രസിഡന്റിന്റെ കസേരയിൽ നോട്ടമിട്ടിരിക്കുന്നത്.

ജനറൽ സെക്രട്ടറിയുടെ കസേരക്കും പിടിവലിയുണ്ട്. പ്രസിഡന്റ് പദം കിട്ടിയില്ലെങ്കിൽ സെക്രട്ടറി സ്ഥാനമെങ്കിലും കിട്ടണം എന്ന വാശിയിലാണ് കെ.എം.ജോൺ. കെ.സി.ജോണിനും ആ കസേര വേണം. പ്രസിഡന്റാകാൻ പറ്റിയില്ലെങ്കിൽ സെക്രട്ടറിയെങ്കിലും ആകണം എന്ന കാര്യത്തിൽ വൽസനു വിട്ടുവീഴ്ചയില്ല.

ജനറൽ സെക്രട്ടറി സ്ഥാനം കിട്ടിയില്ലെങ്കിൽ സ്റ്റേറ്റ് പ്രസിഡന്റ് കസേരയെങ്കിലും കിട്ടണം എന്ന് കെ.സി.ജോൺ തീരുമാനിച്ചു കഴിഞ്ഞു. ചേട്ടൻ പ്രസിഡന്റും അനുജൻ സെക്രട്ടറിയും ആയിരിക്കുന്നതെങ്ങനെ എന്നതു മാത്രമാണ് കെ.സി.തോമസിനെ അലട്ടുന്ന പ്രശ്നം.

വെറും വൈസായി എത്രക്കാലം ഇങ്ങനെ ഇരിക്കും? അതുകൊണ്ട് ഇത്തവണ കാര്യമായ എന്തെങ്കിലും ആകണമെന്ന കാര്യത്തിൽ ജോർജ് ഉമ്മന് നിർബ്ബന്ധമുണ്ട്. അതെന്തായിരിക്കണമെന്ന് മറ്റുള്ളവരെല്ലാംകൂടി അങ്ങു തീരുമാനിച്ചാലും മതി.

സ്റ്റേറ്റ് സെക്രട്ടറിയാകാൻ പലവട്ടം ഉടുപ്പു തുന്നിച്ച ഫിലിപ്പ് പി.തോമസിന് ഇത്തവണയെങ്കിലും ജയിക്കേണ്ടത് ചരിത്രപരമായ ഒരാവശ്യമാണ്. അല്ലെങ്കിൽ ഏറ്റവും അധികം തവണ സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ച് തോറ്റ വ്യക്തി എന്ന നിലയിൽ ഗിന്നസ് ബുക്കിലോ മറ്റോ ചെന്നുപെട്ടെന്നു വരും.

ജോസഫ് താന്നിക്കൽ സാറിന് ഇനി എന്താണ് ആകേണ്ടതെന്ന് നിശ്ചയമില്ല. ബഞ്ചമിൻ വർഗീസിന് എന്തെങ്കിലുമൊക്കെ ആകണമെന്ന് ആഗ്രഹമുണ്ടെങ്കിലും എന്താണ് നടക്കുക എന്ന് പറയാറായിട്ടില്ല.

സ്റ്റേറ്റ് കൗൺസിൽ മെമ്പറെങ്കിലും ആയാൽ മതിയായിരുന്നു എന്ന് നെടുവീർപ്പിന്റെ അകമ്പടിയോടെ പറയുന്ന പാസ്റ്റർമാരും വിശ്വാസികളും ഏറെയുണ്ട്. ഏതെങ്കിലും ഒരു പാനലിൽ കയറിക്കൂടാതെ ഒന്നും ആകാൻ പറ്റില്ലെന്ന് ഏവർക്കും അറിയാം. എങ്കിലും ഇത്തവണ എത്ര ഗ്രൂപ്പ് ഉണ്ടാകുമെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല. അതുകൊണ്ട് ഏതു ഗ്രൂപ്പിൽ ചേരണമെന്ന് മുൻകൂട്ടി തീരുമാനിക്കാനും കഴിയുന്നില്ല.

ഐ.പി.സി.യിലെ കോലാഹലങ്ങൾ ഡിഫെൻഡറിന് ബോധിക്കുന്നുണ്ട്, ട്ടോ. ഇങ്ങനെ എന്തെങ്കിലും ഒക്കെ ഇല്ലെങ്കിൽ എഴുതാൻ വിഷയമില്ലാതെ ഡിഫെൻഡർ കറങ്ങിപ്പോകില്ലേ. പക്ഷേ ഐ.പി.സി. ഉള്ളിടത്തോളം കാലം ഡിഫെൻഡറിന് വാർത്തയ്ക്ക് പഞ്ഞം വരില്ല. സത്യത്തിൽ ഇങ്ങനെയുള്ള പെന്തക്കോസ്ത് സഭകളുടെ കാരുണ്യത്തിലല്ലേ ഡിഫെൻഡറിന്റെ നിലനിൽപ്പ്.



# നാഗാലാന്റ് സ്മരണകൾ

സാനീസ് ഗ്രാമം അത്ര വലുതോ ചെറുതോ അല്ല. നാലു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവയെ ഏ ഖേൽ, ബീ ഖേൽ, സീ ഖേൽ, ഡീ ഖേൽ എന്നിങ്ങനെ വിളിക്കുകയും ചെയ്യുന്നു. ഒരു ഖേലിൽ ഏകദേശം മുപ്പതു വീടുകൾ വീതം ഉണ്ട്.

ഓരോ ഖേലിലും ഓരോ ഗാംബുറ ( ഗ്രാമത്തലവൻ) ഉണ്ട്. ജി.ബി.എന്ന ചുരുക്കപ്പേരിലാണ് ഇവർ അറിയപ്പെടുന്നത്. കൂടാതെ ഒരു പ്രധാന ജി.ബി.യും ഉണ്ട്. ഗ്രാമത്തിന്റെ നടുവിൽ പഞ്ചായത്തു കെട്ടിടം സ്ഥിതിചെയ്യുന്നു. ഒരു പ്രസിഡന്റും ഒരു സെക്രട്ടറിയും ഉണ്ട് പഞ്ചായത്തിൽ. ഇവരെല്ലാം കൂടി ചേരുന്നതാണ് ഗ്രാമത്തിലെ ഉന്നത ഭരസമിതി. മിക്ക സിവിൽ-ക്രിമിനൽ പ്രശ്നങ്ങളിലും പഞ്ചായത്തിന്റെ തീരുമാനം അന്തിമമാണ്.

ഏകദേശം രണ്ടു നൂറ്റാണ്ടു കാലത്തെ ചരിത്രം സാനീസ് ഗ്രാമത്തിനുണ്ട്. 1950-60 കാലഘട്ടങ്ങളിൽ ഒളിപ്പോരാളികളുടെ ഒരു കേന്ദ്രമായിരുന്നു ഇത്. പഴയ N.C.C നേതാക്കളായ M.C മുറി, L.C മുറി തുടങ്ങിയവർ ഇവിടെയുണ്ട്. ഇന്ത്യൻ വിരുദ്ധ ചിന്താഗതി വളരെ പ്രബലമായി നിലനിന്നു വരുന്നു എങ്കിലും ഞങ്ങളോട് വളരെ മാന്യമായാണ് ഇവർ പെരുമാറിയത്.

ഇംഗ്ലീഷ് വശമുള്ള ചിലരുമായി ഞാൻ സന്ധ്യാസമയങ്ങൾ ചെലവിട്ടുപോന്നു. അടുക്കളയിൽ, അടുപ്പിനു ചുറ്റുമിരുന്നു സംസാരിക്കുകയെന്നതാണ് ഇവിടത്തെരീതി. പാലോ പഞ്ചസാരയോ ചേർക്കാത്ത കട്ടൻ ചായയും കുടിച്ചു കൊണ്ടാണ് സംഭാഷണം. നാഗാലാന്റിനെ സംബന്ധിച്ച അനേകം വിവരങ്ങൾ എനിക്കു ലഭിച്ചത് ഇത്തരം സംഭാഷണങ്ങളിലൂടെയാണ്.

"എവിടെ പോകുന്നു?"

"എന്തുണ്ട് വിശേഷം?"

കേരളത്തിലെ ലോഹ്യം ഇങ്ങനെയൊക്കെയാണ്. എന്നാൽ നാഗാലാന്റിൽ "ഭക്ഷണം കഴിച്ചോ" എന്നാണ് പ്രധാനമായും ചോദിക്കുക. ലോത്താ ഭാഷയിൽ അത് ഇപ്രകാരമാണ്.

"ഒതോ സ്തോ തകാ?"

(ചോറുണ്ടോ?)

"ചോ തക" (ഉണ്ടു) എന്നു മറുപടി. അഥവാ ഉണ്ടില്ല എങ്കിൽ "ൻ സോഹാ" എന്നു പറയാം. പക്ഷെ ചോറുണ്ടു എങ്കിൽ വീണ്ടും പല ചോദ്യങ്ങളുണ്ടാകും.

"ൻ തോ ഹാലാ?"



നാഗസ്ത്രീകളും കുട്ടികളും വിറകുമായി വീട്ടിലേക്ക്

(എന്തായിരുന്നു കറി?)

"വൊക്കോസോ" (പന്നിയിറച്ചി). അല്ലെങ്കിൽ 'കൊന്തി' (വഴുതനങ്ങ) യെന്നോ 'ഹൊനോച്ച്' (കോഴിമുട്ട) എന്നോ ഒക്കെ മറുപടി പറയാം.

"മോ മോ"? (നന്നായിരുന്നോ?)

"മോ നാ" (നന്നായിരുന്നു).

ഇത്ര വിശദമായിട്ടെല്ലാം അറിഞ്ഞിട്ടെന്തുവേണം എന്നു ചോദിക്കാൻ തോന്നിയേക്കാം. പക്ഷേ അത്തരമൊരു ചോദ്യത്തിനു പ്രസക്തിയില്ല. ഇത് ഇവിടത്തെ രീതിയാണ്.

ഗ്രാമത്തിൽ താമസമായതോടെ കുട്ടികൾക്ക് വളരെ കൂട്ടുകാരെ ലഭിച്ചു. ഏറെത്താമസിയാതെ അവർ ലോത്താ ഭാഷാ നന്നായി കൈകാര്യം ചെയ്യാനും വശമാക്കി. എന്റെ ഭാര്യയും കുറച്ചൊക്കെ പഠിച്ചു. എനിക്ക് ലോത്താ ഭാഷാ ഒരു ബലികേറാമലയായിത്തോന്നി. ഉച്ചാരണം ശരിയാക്കുകയെന്നത് വളരെ ബുദ്ധിമുട്ടാണ്. അല്പം തെറ്റിയാൽ അർത്ഥം വളരെ മാറിപ്പോകും.

ഗ്രാമത്തിലുള്ള ഏതു പ്രശ്നവും ഞങ്ങളറിയും. അവരുടെ സന്തോഷത്തിൽ ഞങ്ങളും പങ്കുകൊണ്ടു. അവർ ദു:ഖിച്ചപ്പോൾ ഞങ്ങളും ദു:ഖിച്ചു. ചുരുക്കത്തിൽ ഞങ്ങളും അവരിലൊരാളായി.

സ്ഥലം MLA-മന്ത്രിയായിരുന്നു. (നാഗാലാന്റിൽ 60 MLA-മാരുള്ളതിൽ പകുതിയോളം മന്ത്രിമാരാകും). ഒരിക്കൽ മന്ത്രി ഗ്രാമത്തിലെത്തുന്നു എന്നു കേട്ടപ്പോൾ അബീഷ് ചോദിച്ചു:

"പപ്പാ, മന്ത്രിക്കു വാലൊണ്ടോ?" ചോദ്യം കേട്ടു ഞാൻ ചിരിച്ചു. അപ്പോൾ അനീഷിനറിയേണ്ടത് ഗൗരവമേറിയ ഒരു സംഗതിയാണ്. "മന്ത്രി കടിക്കുമോ"? മന്ത്രിയെന്നു പറയുന്നത് കൊമ്പും വാലുമൊക്കെയുള്ള ഏതോ ഭീകരജീവിയാണെന്നാണ് കുട്ടികൾ മനസ്സിലാക്കിയതെന്നു തോന്നുന്നു. ഏതായാലും മന്ത്രി വന്നപ്പോൾ അവർ ചെന്നുകണ്ടു ബോദ്ധ്യപ്പെട്ടു അതോടെ കുട്ടികളുടെ സംശയം മാറി. നാഗാലാന്റിലെ മന്ത്രിമാരെ ആർക്കും ചെന്നുകാണാം. കേരളത്തിലെ അവസ്ഥയൊന്നുമില്ല. മാത്രമല്ല ഇത്ര തലക്കനവുമില്ല.

നാഗന്മാരുടെ വിവാഹ രീതിയെപ്പറ്റി വിശദമായി മനസ്സിലാക്കിയത് ഇവിടെയായിരിക്കുമ്പോഴാണ്. ഇക്കാര്യത്തിൽ അവർ അമേരിക്കക്കാരേപ്പോലെയാണെന്നു പറയാം. മാതാപിതാക്കൾ ആലോചിച്ച് നടത്തുന്ന വിവാഹങ്ങളെ ഇവിടെ കേട്ടുകേഴ്വിപോലുമില്ല. ആണും പെണ്ണും തങ്ങൾക്കു ബോധിച്ചവരെ തിരഞ്ഞെടുക്കുന്നു. സദാചാര വിരുദ്ധമായ ബന്ധങ്ങളൊന്നും ഉണ്ടായിട്ടില്ലെങ്കിൽ പള്ളിയിൽവെച്ചായിരിക്കും വിവാഹം. സ്ഥിതിയതല്ല എങ്കിൽ വീട്ടിൽ വെച്ചൊരു വിരുന്നു നടത്തും. ഇത്തരം വിരുന്നുകൾ ഒന്നോ രണ്ടോ കുട്ടികളായിക്കഴിഞ്ഞു നടത്തുന്നതിലും വിരോധമില്ല. പക്ഷേ പള്ളിയിൽ വെച്ചു കല്യാണം നടത്താത്തവരെ ചില മാസങ്ങളെങ്കിലും സഭയുടെ അംഗത്വത്തിൽ നിന്നും പുറത്തു നിർത്തും.

വിരുന്നിന് വിളിക്കുന്നതിനുമുണ്ട് പ്രത്യേകത. ഏകദേശം ഒരു കിലോ പന്നിയിറച്ചിയും ക്ഷണക്കത്തും ഒന്നിച്ചു കൊടുത്താണ് ക്ഷണിക്കുന്നത്. വിരുന്നിൽ പങ്കെടുക്കുന്നവരെല്ലാം വധൂവരന്മാർക്ക് സമ്മാനങ്ങൾ നല്കും. അത് പണമായോ സാധനങ്ങളായോ കൊടുക്കാവുന്നതാണ്. എല്ലാത്തിനും കണക്കെഴുതാൻ ആളുണ്ടാകും. വിവാഹ ദിവസം മുതൽതന്നെ ദമ്പതികൾ മാറി താമസിക്കുമെന്നതിനാൽ അവർക്കു പ്രയോജനപ്പെടുന്ന സാധനങ്ങളാകും സംഭാവനയായി ലഭിക്കുക. കൊട്ട, വട്ടി, ഫർണിച്ചർ, ചട്ടി, കലം, ഉരൽ, ഉലക്ക തുടങ്ങിയെന്തും സംഭാവനകൊടുക്കാം. (കേരളത്തിൽ ആരുടെയെങ്കിലും വിവാഹത്തിന് ഒരു ഉരൽ സംഭാവന കൊടുത്താലുള്ള അവസ്ഥയൊന്നു ഭാവനയിൽ കണ്ടുനോക്കൂ).

പശു, പന്നി, കോഴി തുടങ്ങിയവയുടെ ഇറച്ചി സഹിതം ഗംഭീര ശാപ്പാടുണ്ടാകും. കേരളത്തിലെപ്പോലെ 'ഗമ' യൊന്നും തീറ്റകാര്യത്തിലില്ല. എല്ലാ വിഭവങ്ങളും മേശമേൽ ഒരുക്കിവച്ചിരിക്കും. ആവശ്യക്കാർ അവരവർക്കിഷ്ടമുള്ളത് വിളമ്പിയെടുത്ത് എങ്ങോട്ടെങ്കിലും മാറിനിന്ന് കഴിക്കാം. "വയറുനിറച്ചു കഴിച്ചോണം" എന്ന് ആതിഥേയർ പറയുകയും ചെയ്യും. അതുവെറും ഭംഗിവാക്കല്ല. നാം കുറച്ചു ഭക്ഷിച്ചുള്ളു എങ്കിൽ അവർ പിണങ്ങും. പക്ഷേ മൂക്കുമുട്ടെ കഴിച്ചാൽ അവരുടെ മുഖം തെളിയും. നാം അവരെ അത്രമാത്രം സ്നേഹിക്കുന്നു എന്നാണ് അവർ മനസ്സിലാക്കുന്നത്.

ഭക്ഷണം കഴിഞ്ഞ് യാത്രപറയുമ്പോൾ ഒരു കഷണം പന്നിയിറച്ചി (ഏകദേശം ഒരു കിലോ) മുളനാരിൽ തൂക്കി നമുക്കുതരും. അത് വാങ്ങിക്കൊണ്ടു പോരുക. മുളനാരിൽ ഇറച്ചിയും തൂക്കികൊണ്ടുവരാൻ നാണിക്കേണ്ട. മുഖ്യമന്ത്രിയുൾപ്പെടെ എല്ലാവരും ഇറച്ചിയും കൊണ്ടുനടക്കും. അതിൽ അസാധാരണമായൊന്നും അവർ കാണുന്നില്ല.

അമ്മായിയമ്മപ്പോരും നാത്തൂൻപോരും നാഗാലാന്റിലില്ല. വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന പുരുഷൻ ആദ്യമായി ചെയ്യുന്നത് സ്വന്തമായൊരു വീടുണ്ടാക്കുകയാണ്. മുളയും പുല്ലുംകൊണ്ട് ഒരെണ്ണം വലിയ ബുദ്ധിമുട്ടു കൂടാതെയുണ്ടാക്കും. (പണമുള്ളവർ നല്ല വീടുണ്ടാക്കിയെന്നും വരും). അതിനുശേഷം വിവാഹമോ, വിവാഹ സദ്യയോ നടത്തി വധുവിനോടൊത്തു താമസമാരംഭിക്കുന്നു. പണത്തിനു ബുദ്ധിമുട്ടുണ്ടെങ്കിൽ വിവാഹസദ്യ പിന്നീടെപ്പോഴെങ്കിലും നടത്തിയാലും മതിയാകും. ചുരുക്കത്തിൽ, പെണ്ണുമായി ഒറ്റ ദിവസംപോലും കുടുംബത്തു കഴിയുന്ന രീതി നാഗാലാന്റിലില്ല.

ഇതിനൊരു മറുവശമുണ്ട്. അമ്മയപ്പന്മാർക്ക് വയസ്സാകുമ്പോഴേക്കും മക്കളെല്ലാം വേറെ മാറിക്കഴിഞ്ഞിരിക്കും. അതോടെ അവർക്കാരുമില്ലാതാകുന്നു. ഇവരിലൊരാൾ മരിക്കുന്നതോടെ സ്ഥിതി കൂടുതൽ വഷളാകും. ജീവനോടെയിരിക്കുന്ന വ്യക്തിക്കാരുമില്ല. സ്വയം ഭക്ഷണം തയ്യാറാക്കി കഴിച്ച് അവർ കഴിഞ്ഞുകൂടും. ആരും അവരെ സഹായിക്കാനുണ്ടാവില്ല. മരിച്ചാലും ഏറെക്കഴിഞ്ഞായിരിക്കും മക്കൾ വിവരമറിയുക.

സാനീസിലായിരിക്കുമ്പോൾ ചില മരണാനന്തര ശുശ്രൂഷകളിൽ പങ്കെടുക്കുവാനിടയായി. പള്ളിയിൽ കൂട്ടമണി മുഴങ്ങുമ്പോൾ ആരെങ്കിലും മരിച്ചുവെന്ന് ഉറപ്പിച്ചുകൊള്ളുക. കൂട്ടമണികഴിഞ്ഞ് സാവധാനം മണിയടിക്കും. അഞ്ചുവട്ടം മണിയടിച്ചാൽ ഏതോ സ്ത്രീ മരിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാം. മരിച്ചതു പുരുഷനാണെങ്കിൽ ആറുവട്ടം മണിയടിക്കും. ബന്ധുക്കൾക്കായി കാത്തിരിക്കുന്ന പരിപാടിയില്ല. ഒരു പെട്ടിയുണ്ടാക്കി ശവം അതിൽ വച്ച്, അധികം കർമ്മങ്ങളൊന്നും ഇല്ലാതെ മറവു ചെയ്യും. രണ്ടോ മൂന്നോ മണിക്കൂറിനകം എല്ലാം കഴിഞ്ഞിരിക്കും. മരിച്ചവർക്കായി ചില കർമ്മങ്ങൾ ചെയ്യുന്ന രീതി ചില ഗോത്രങ്ങൾക്കുണ്ടെങ്കിലും അങ്ങനെയെന്തെങ്കിലും സാനീസിൽ ഞങ്ങൾ കണ്ടില്ല.

ശവസംസ്ക്കാരത്തോടു ബന്ധപ്പെട്ട പല ആചാരാനുഷ്ടാനങ്ങളും പണ്ട് നാഗാലാന്റിൽ നിലനിന്നിരുന്നു. എന്നാൽ നാഗന്മാരിൽ ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളായതോടെ ഇത്തരത്തിലുള്ള മിക്ക ആചാരങ്ങളും നടത്താതായി. എങ്കിലും അവിടവിടെ ചിലതെല്ലാം മാറാതെ നിലനില്ക്കുന്നുണ്ടുതാനും.

"ചെറിയ കുടുംബം സന്തുഷ്ട കുടുംബം", "നാം രണ്ട്, നമുക്ക് രണ്ട്" എന്നൊക്കെയുള്ള മഹത്വചനങ്ങളൊന്നും നാഗാലാന്റിൽ വിലപ്പോകയില്ല. "വലിയ കുടുംബം-പ്രബല കുടുംബം" എന്നതാണവരുടെ ആദർശം. കുട്ടികളുടെ എണ്ണംവച്ചു പറഞ്ഞാൽ "നാം രണ്ട് നമുക്ക് രണ്ടു ഡസൻ" എന്നാണ് തത്വം എന്നും തോന്നും. അരഡസൻ കുട്ടികളെങ്കിലും ഇല്ലാത്ത വീടുകൾ ചുരുക്കം. ശത്രുക്കളോട് നിരന്തരം

(പേജ് - 7)

നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
No Hidden Costs
വിളിക്കൂ: 94474 14608

# ചവർ ചാനൽ ഫെബ്രുവരി 6ന്?

കെ.സി.ജോണിന്റെ ചവർ ചാനൽ ഫെബ്രുവരി 6ന് ഉദ്ഘാടനം ചെയ്യും എന്ന് കെ.സി.ജോൺ പറയുന്നു. പറയുന്നത് കെ.സി.ജോൺ ആയതുകൊണ്ട് അതിരുകടന്ന് വിശ്വസിക്കേണ്ട തില്ല.

2004 നവംബർ ഒന്നിന് രണ്ടു ചാനൽ വരുമെന്ന് രണ്ടു വർഷം മുൻപു പറഞ്ഞവനാണ് കെ.സി.ജോൺ. പിന്നീട് ചാനലിന്റെ എണ്ണം ഒന്നാക്കി. 2004 നവംബർ വരികയും പോകുകയും ചെയ്തു. ചാനൽ മാത്രം വന്നില്ല. 2005ലും ചാനൽ വന്നില്ല. ഇങ്ങനെയുള്ളവനെയൊക്കെ സുബോധമുള്ളവൻ വിശ്വസിക്കുമോ?

ഫെബ്രുവരി 4ന് തിരുവല്ലയിൽ ഉദ്ഘാടനം നടത്തുമെന്നും ഫെബ്രുവരി 6ന് ഡൽഹിയിൽ വെച്ച് പരിപാടി തുടങ്ങുമെന്നുമാണ് ഇപ്പോൾ പറയുന്നത്. ഫെബ്രുവരി 6 മുതൽ ടി.വിയിൽ പരിപാടി കാണാൻ കഴിയുമെന്നാണോ ഈ പറയുന്നതിന്റെ അർത്ഥം എന്ന് വ്യക്തമല്ല. ഉദ്ഘാടനം മാത്രമാണ് നടത്തിയതെന്നും ചാനൽ പിന്നാലെ മാത്രമേ ടി.വിയിൽ കാണാൻ കഴിയൂ എന്നും ഫെബ്രുവരി 6ന് പറഞ്ഞുകൂടെന്നില്ല. ഇത്തവണയെങ്കിലും പിതൃശൂന്യത കാണിക്കാൻ ധൈര്യപ്പെടുകയില്ല എന്ന് കരുതാം.

ചാനൽ തുടങ്ങിക്കഴിഞ്ഞാൽ ഭൂമിയുള്ള കാലത്തോളം അത് പ്രവർത്തിച്ചുകൊള്ളും എന്നാണ് കെ.സി.ജോണും കൂട്ടരും കരുതുന്നതെന്നു തോന്നുന്നു. ചാനൽ തുടങ്ങാൻ വേണ്ടതിൽ അധികം പണം ചാനൽ നടത്താൻ വേണം. കത്തോലിക്കർ ജീവൻ ടി.വി. തുടങ്ങിയിട്ട് എന്തായി എന്ന് ഏവർക്കും അറിയാം. അവർ ജീവനുംകൊണ്ട് രക്ഷപ്പെട്ടത് വളരെ ബുദ്ധിമുട്ടിയാണ്.

ശാലോം ടി.വിയുടെ ഗതിയും മേല്പടി തന്നെ. മിക്ക സമയത്തും കുർബ്ബാനതന്നെ. ബാക്കിയുള്ള സമയത്തൊക്കെ നൻമ നിറഞ്ഞ മറിയവും. രാത്രിയിൽ വാക്യം എഴുതിക്കാണിക്കൽ മാത്രം. മതഭ്രാന്തു പിടിച്ചവനുപോലും ഇത് സഹിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

ഇതിലും ഗതികെട്ട ചാനലായിരിക്കും കെ.സി.ജോണിന്റേത് എന്നതിന് സംശയമില്ല. ഒരു ശതമാനത്തിൽ താഴെയായിരിക്കും കാഴ്ചക്കാരുടെ എണ്ണം. പെന്തക്കോസ്ത് സഭാഹാളുകൾക്കുള്ളിൽ ഒതുങ്ങിയിരുന്ന കോലാഹലങ്ങൾ മാലോകർ കാണും എന്നതാണ് പ്രധാന നേട്ടം. ദൈവനാമം പരമാവധി ദുഷിക്കും.

നേതൃത്വത്തിലുള്ള കെ.സി.ജോൺ, മാത്യൂസ് ചാക്കോ, ബാബു ജോർജ്, ജോയി താനവേലി, ആർ.ഏബ്രഹാം തുടങ്ങിയ മഹാൻമാരിൽ ആർക്കും ചാനലിനേക്കുറിച്ച് ചുക്കും ചുണ്ണാമ്പും അറിഞ്ഞുകൂടാ. മോഹന വാഗ്ദാനങ്ങൾ നൽകി മറ്റു ചാനലുകളിൽ നിന്നും തട്ടിയെടുത്തിട്ടുള്ള ചിലരുടെ ബലത്തിലാണ് ചാനലിന്റെ നിലനിൽപ്പ്. അവർ രക്ഷിക്കപ്പെട്ടവരല്ല. അതുകൊണ്ടു തന്നെ ആത്മീയലോകത്തേക്കുറിച്ച് ഒന്നും അറിഞ്ഞുകൂടാ.

ഡിഫെൻഡർ കഴിഞ്ഞ രണ്ടു വർഷമായി പറഞ്ഞുകൊണ്ടിരുന്നത് വീണ്ടും പറയുന്നു: സകല പെന്തക്കോസ്തുകാർക്കും ഈ ചാനൽ നാണക്കേടുണ്ടാക്കും. ഏതാനും മാസം പ്രവർത്തിച്ചിട്ട് ചവർ ചാനൽ അന്ത്യശ്വാസം വലിക്കും.

# ആലുവയിൽ എന്തു നടക്കും?

ആലുവായിൽ എന്തു നടക്കും? എന്തും നടക്കാം. കാരണം പെന്തക്കോസ്തിലെ സകല കള്ളൻമാരുംകൂടി അവിടെ ഒന്നുചേരുകയാണ്.

ജോയ് ഇൻ ദി സിറ്റി എന്ന പേരിൽ ഫെബ്രുവരി 6 മുതൽ മാർച്ച് 18 വരെ പുളിഞ്ചുവട് ജംഗ്ഷനിൽ നടക്കുന്ന ആത്മീയ കോലാഹലത്തേക്കുറിച്ചാണ് പറഞ്ഞു വരുന്നത്. കുടുംബ തകർച്ച, കടഭാരം, ശാപങ്ങൾ, രോഗങ്ങൾ, ആത്മഹത്യ പ്രവണത, ദുശ്ശീലങ്ങൾ തുടങ്ങിയവയിൽ നിന്ന് മോചനം പ്രാപിക്കാൻ ആഗ്രഹിക്കുന്നവർക്ക് സ്വാഗതം. ഇവിടെയുണ്ടാകുന്ന ഉണർവ്വ് ഇന്ത്യയിൽ മുഴുവൻ പടരുമെന്നും അതുകഴിഞ്ഞ് അത് ലോകമെങ്ങും വ്യാപിക്കുമെന്നും നോട്ടീസിലുണ്ട്.

ആരാണ് ഈ ഉണർവ്വൊക്കെ ഉണ്ടാക്കുന്നത്? 33 വിദ്വാൻമാരുടെ പേരുകൾ എടുത്തു പറയുന്നുണ്ട്. കൂടാതെ, ഏഴു സംഗീത ട്രൂപ്പുകളും ഉണ്ടാകും. ആകെക്കൂടി അടിപൊളിയാകും എന്നു ചുരുക്കം.

പരമ വ്യഭിചാരിയായ സുരേഷ് ബാബുവിന്റെ പേരാണ് ആദ്യം കാണുന്നത്. ഈ ചങ്ങാതി ഉള്ളതുകൊണ്ട് ''മച്ചികൾ പ്രസവിക്കും'' എന്നൊരു അത്ഭുതംകൂടി പട്ടികയിൽ ചേർക്കാമായിരുന്നു. കെ.സി.ജോൺ എന്ന അത്ഭുതക്കാരനും ഇവിടെ പ്രസംഗിക്കാൻ എത്തുന്നുണ്ട്. ''എങ്ങനെ ഒരു നല്ല വ്യഭിചാരിയാകാം'' എന്ന വിഷയത്തേക്കുറിച്ച് ഇദ്ദേഹത്തെക്കൊണ്ട് ഒരു ക്ലാസ്സ് എടുപ്പിക്കുന്നത് നന്നായിരിക്കും.

ഊതിവീഴ്ത്തുകാരായ എം.എ.വർഗീസ്, അനിസൻ തുടങ്ങിയവരും എത്തുന്നുണ്ട്. ഛർദ്ദിവീരനായ മനു മേനോനേക്കൂടി വിളിക്കാമായിരുന്നു. ആമോസ് സിംഗ് ഉള്ളതുകൊണ്ട് ഈ പ്രോഗ്രാമിന് എ സർട്ടിഫിക്കറ്റ് കിട്ടുമെന്ന് കരുതാം. ഡാമിയൻ ശാപം പൊട്ടിക്കും. ലിസ്റ്റിലുള്ള പകുതിയിലധികം മഹാൻമാരേക്കുറിച്ച് ഏറെയൊന്നും അറിഞ്ഞുകൂടാ. അതുകൊണ്ട് അവരൊക്കെ കാട്ടിക്കൂട്ടാൻ പോകുന്നത് എന്താണെന്ന് കണ്ടുതന്നെ അറിയണം.

സാംസൺ കോട്ടൂരും സ്റ്റാവുറോസും ഒക്കെ പാട്ടുപാടാൻ എത്തുന്നതുകൊണ്ട് ഭൂതപ്രേതപിശാചുക്കൾക്ക് നാടുവിടേണ്ടതായി വരുമെന്നു കരുതാം. എറണാകുളം എം.ജി. റോഡിലുള്ള എക്സോഡസ് ആണ് ഈ മാമാങ്കം സംഘടിപ്പിക്കുന്നത്.

പാട്ടുപാടി ബഹളമുണ്ടാക്കുകയും ഉണർവ്വെന്ന പേരിൽ തുള്ളിച്ചാടുകയും ചെയ്താൽ എല്ലാമായി എന്നു ചിന്തിക്കുന്നവരാണ് സംഘാടകർ എന്നു വ്യക്തം. അതുകൊണ്ടാണ് ദൈവവചനം പ്രസംഗിക്കുന്നവരെ പ്രസംഗകരുടെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. നീ ആരെന്നറിയാൻ നിന്റെ സ്നേഹിതൻ ആരെന്നറിഞ്ഞാൽ മതി എന്ന തത്ത്വം വെച്ച് വിലയിരുത്തിയാൽ സുരേഷ് ബാബുവിനേപ്പോലുള്ള ദുർമ്മാർഗ്ഗികളാണ് ഈ സംഘം എന്നും ഊഹിക്കാം.

ദൈവവചനത്തിന്റെ അതിർ വിട്ടുള്ള ഇത്തരം പരിപാടികളുടെ പിന്നിൽ പ്രവർത്തിക്കുന്നത് സാത്താന്റെ ആത്മാവാണ്. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക. ഇത്തരം യോഗങ്ങളിൽ പങ്കെടുത്താൽ സാത്താന്റെ പിടിയിൽ അകപ്പെട്ടെന്നു വരാം.



# നാഗാലാന്റ് സ്മരണകൾ........

പടവെട്ടിക്കഴിഞ്ഞുവന്ന കഴിഞ്ഞ കാലത്ത് അംഗബലം വിജയത്തിന്റെ ഒരു പ്രധാന ഘടകമായിരുന്നു താനും. എന്നാൽ കാലം മാറിയിട്ടും പഴയ സംസ്ക്കാരം വിട്ടുകളയാൻ നാഗന്മാർ തയ്യാറല്ല. ഇക്കാരണത്താൽ കുടുംബാസൂത്രണ പരിപാടികളൊന്നും നാഗാലാന്റിൽ അത്ര വിജയിച്ചിട്ടുമില്ല.

ഓരോ ആണ്ടിലും ഓരോ കുട്ടി എന്നതാണ് കണക്ക്. നാഗാ സ്ത്രീകളെ സംബന്ധിച്ചിടത്തോളം പ്രസവം എന്നത് ഒരു സാധാരണ സംഭവം മാത്രം. മറ്റു ദിനചര്യകൾക്കിടയിൽ ഇതും ക്രമമായി നടന്നു പോകുന്നു. കേരളത്തിലെ സ്ത്രീകളെപ്പോലെ ഇത് അത്ര കാര്യമായ സംഭവമായി ഇവർ കണക്കാക്കാറില്ല. ഒരു ഉദാഹരണം കൊണ്ടു ഇതു വ്യക്തമാക്കാം.

വൊക്കയിൽ ഞാൻ ഏകനായി കഴിഞ്ഞുവന്ന കാലത്താണ് സംഭവം നടന്നത്. അയൽവീട്ടിലെ മാതാവിന്റെ ഇളയ സഹോദരി നിറവയറുമായി എത്തി. പ്രസവക്കാര്യത്തിൽ തഴക്കവും പഴക്കവുമുള്ള ജ്യേഷ്ഠസഹോദരിയുടെ സഹകരണത്തോടെ പ്രസവിക്കുകയെന്നതാണ് ആഗമനോദ്ദേശം. തന്റെ ആദ്യസംരംഭമെന്ന നിലയ്ക്ക് ഇത്തരമൊരു ക്രമീകരണം തികച്ചും നല്ലതുതന്നെയെന്നതിൽ രണ്ടു പക്ഷമില്ലല്ലോ.

ഒരു ദിവസം രാത്രി, അയൽവീട്ടിലെന്തൊക്കെയോ ശബ്ദകോലാഹലങ്ങൾ. പ്രസവമാണു സംഭവമെന്ന് അന്വേഷണത്തിലറിഞ്ഞു. പിറ്റേദിവസം പ്രഭാതത്തിൽ വെള്ളമെടുക്കാനായി ഞാൻ പൈപ്പിനടുത്തെത്തി. മേല്പടി അനുജത്തി അതാ അവിടെയിരുന്നു തുണി യലക്കുന്നു. ഇതെന്തു കഥ. ഇവർപ്രസവിച്ചില്ലേ? എനിക്കു സംശയമായി. ഞാൻ ചിന്തിച്ചുകൊണ്ടു നില്ക്കുമ്പോൾ ആ സ്ത്രീ അലക്കവസാനിപ്പിച്ച് എഴുന്നേറ്റു. അത്ഭുതം! അവർ ഗർഭിണിയല്ല. വയർ സാധാരണ നിലയിൽ. അവർ കഴിഞ്ഞരാത്രിയിൽത്തന്നെ പ്രസവിച്ചു എന്നു വ്യക്തം.

പ്രസവിച്ച് ഏതാനും മണിക്കൂറുകൾക്കകം സ്ത്രീകൾക്ക് തുണിയലക്കാനും മറ്റും കഴിയുമോ? കഴിയുമെന്നിതാ തെളിഞ്ഞിരിക്കുന്നു. എങ്കിലും എനിക്കു വിശ്വാസമായില്ല. ഞാൻ ചെറിയ തോതിലൊരന്വേഷണം നടത്തി. അങ്ങനെ ആ ഭീകര സത്യം ഞാൻ കണ്ടുപിടിച്ചു. നാഗാസ്ത്രീകൾ പ്രസവിച്ച് ഏതാനും മിനിട്ടുകൾക്കകം തന്നെ സാധാരണ ജോലികളെല്ലാം ചെയ്യാനാരംഭിക്കും. പ്രത്യേകിച്ച് കുഴപ്പങ്ങളൊന്നും തന്നെയില്ല. അങ്ങനെയെങ്കിൽ, കേരളത്തിലെ സ്ത്രീകൾ 'പെറ്റു കിടക്കുന്നത്' എന്തിന്? ശുദ്ധ തട്ടിപ്പുതന്നെ. സംശയമില്ല. (മഹിളാരത്നങ്ങൾ പിണങ്ങരുതേ).

ഇതോടു ബന്ധപ്പെട്ട ഒരു സംഗതി പറയുന്നതിനുള്ള മുഖവുര എന്ന നിലയ്ക്കാണ് ഇത്രയും പറഞ്ഞത്. ''മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം'' എന്നാണല്ലോ കവിവാക്യം. ഈ തത്വം ശരിയെന്നുതന്നെ തെളിയിക്കാനുള്ള തയ്യാറെടുപ്പിലാണ് എന്റെ വാമഭാഗം. പക്ഷേ ഒരു കുഴപ്പം. കാര്യങ്ങളെല്ലാം ഒറ്റയ്ക്ക് കൈകാര്യം ചെയ്യാനുള്ള കഴിവ് ഞങ്ങൾക്കില്ല. അതുകൊണ്ട് എന്റെ അമ്മയെക്കൂടി കൊണ്ടുവരിക എന്നു തീരുമാനിച്ചു.

വിവരത്തിനു നാട്ടിലേയ്ക്കു കത്തെഴുതി. തിരുവനന്തപുരം-ഗുവഹാത്തി വണ്ടിയിൽ അമ്മ ഗുവഹാത്തിയിലെത്തുക. ഞാൻ അവിടെ കാത്തു നില്ക്കാം. ഇതായിരുന്നു പരിപാടി. അങ്ങനെ അതിനാവശ്യമായ ക്രമീകരണങ്ങളെല്ലാം ചെയ്തു.

കൃത്യദിവസം ഞാൻ ഗുവഹാത്തിയിലെത്തി. ട്രെയിൻ വെറും പത്തു മണിക്കൂർ മാത്രം ലേറ്റായി എത്തി. ഉടൻ തന്നെ മറ്റൊരു ട്രെയിനിൽ യാത്ര തുടർന്നു. പിറ്റേദിവസം പ്രഭാതമായപ്പോഴേക്കും ആസ്സാമിലെ ഫർക്കട്ടിംഗ് എന്ന സ്ഥലത്തെത്തി. അമ്മ വളരെ തളർന്നു കഴിഞ്ഞിരുന്നു. എങ്കിലും കിട്ടിയ ബസ്സിൽ കയറി മോറാപ്പനിയിലെത്തി. അവിടമാകെ ബി.എസ്.എഫ്. ജവാന്മാരാണ്. സ്ഥിതിഗതികൾ ഒരു വിധം ശാന്തമായി വരുന്നേയുള്ളു.

സാനീസിൽ നിന്നും വന്ന ഒരു ലോറി പലരക്കുവ്യാപാരം കഴിഞ്ഞ് പോകാൻ തയ്യാറായി നില്ക്കയാണ്. ഒരു വിധത്തിൽ ഞങ്ങളും ലോറിയിൽ, പലചരക്കുകളുടെ മുകളിൽ കയറിപ്പറ്റി. പകുതിവഴിയായപ്പോൾ ലോറിയുടെ മുൻ ചക്രങ്ങളിലൊന്ന് ഊരിപ്പോയി. ദൈവസഹായത്താൽ അപകടമൊന്നും ഉണ്ടായില്ല.

യാത്രാക്കാരിലാരോ ചെന്ന് മറ്റൊരു ലോറി കൊണ്ടുവന്നു. അതിൽ യാത്ര തുടർന്നു. സന്ധ്യയായപ്പോഴേക്കും വീട്ടിലെത്തി. അമ്മയുടെ ദു:ഖവും തളർച്ചയുമെല്ലാം വീട്ടിലെത്തിയതോടെ മാറി. അടുത്ത ചില ദിവസങ്ങൾ ആ പ്രദേശത്തുള്ള പെണ്ണുങ്ങൾക്കെല്ലാം നേരമ്പോക്കിനുള്ള വക കിട്ടി. അവരെല്ലാം ഞങ്ങളുടെ വീട്ടിലെത്തി; അമ്മയെ സന്ദർശിച്ചു. സ്നേഹാന്വേഷണം അറിയിച്ചു. ദേശീയവും അന്തർദേശീയവുമായ അനേകം വിഷയങ്ങൾ ചർച്ചചെയ്തു. അമ്മയും വിട്ടുകൊടുത്തില്ല. കേരളത്തിന്റെ മഹിമ, യാത്രയിലുണ്ടായ പ്രശ്നങ്ങൾ അങ്ങനെ പലതും അവരേയും അറിയിച്ചു. പെണ്ണുങ്ങൾ ലോത്താ ഭാഷയിലും അമ്മ ശുദ്ധമായ മലയാളത്തിലുമായിരുന്നു സംസാരിച്ചത്. അതുകൊണ്ട് അവർ പറഞ്ഞത് അമ്മയ്ക്കോ, അമ്മ പറഞ്ഞത് അവർക്കോ മനസ്സിലായില്ലെന്നു മാത്രം. എന്നാലെന്ത്? ഇത്രയൊക്കെ വിഷയങ്ങൾ സംസാരിച്ചു എന്നതുതന്നെ ഒരു നേട്ടമല്ലേ.